# LAITY VOICE

2016 JULY | Volume: 7 | No: 1





*സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെയും ജോയിന്റ് സെക്രട്ടറിമാരുടെയും ദേശീയ സമ്മേളനം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. ഡോ. മേരി റെജീന, ഡോ. സാബു ഡി. മാത്യു, പി.ഐ. ലാസർ, വി.വി. അഗസ്റ്റിൻ, ഡോ. സിറിയക് തോമസ്, സിജോ പൈനാടത്ത്, ബിഷപ് മാർ മാത്യു അറയ്ക്കൽ, അഡ്വ. ജോസ് വിതയത്തിൽ, ജീന പോൾ, സാബു ജോസ്, ഏബ്രഹാം മാത്യു എന്നിവർ സമീപം.*

## പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെ സമ്മേളനം

# വിമർശനങ്ങൾ നന്മ ലക്ഷ്യമാക്കിയാവണം: കർദിനാൾ മാർ ആലഞ്ചേരി

കൊച്ചി: മറ്റുള്ളവരെ വിമർശിക്കുമ്പോൾ, വിമർശിക്കപ്പെടുന്നവരുടെയും വിമർശിക്കുന്നവരുടെയും നന്മയാകണം ലക്ഷ്യമെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. വിമർശനം ഉപജീവനമാക്കുന്ന പ്രവണത ആർക്കും ഗുണം ചെയ്യില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെയും ജോയിന്റ് സെക്രട്ടറിമാരുടെയും ദേശീയ സമ്മേളനം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നേതൃരംഗങ്ങളിലുള്ളവരുടെ പ്രസംഗവും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടണം. ക്രിസ്തുവിലുള്ള സാക്ഷ്യംകൊണ്ടു മറ്റുള്ളവരെ നമ്മിലേക്ക് ആകർഷിക്കാനാവണം. പ്രകടനപരമായ പ്രവർത്തനങ്ങളേക്കാൾ ജീവിതത്തിന്റെ മാതൃകയാണു പ്രധാനം. മാധ്യമങ്ങളുടെയോ മറ്റോ താത്പര്യങ്ങൾക്കുവേണ്ടി ക്രൈസ്തവസാക്ഷ്യം വിറ്റഴിക്കാൻ നാം തയാറാകരുത്. പ്രാദേശികസഭകളെ ചലനാത്മകമാക്കാനും ഏകോപിപ്പിക്കാനും പാസ്റ്ററൽ കൗൺസിലുകൾക്ക് വലിയ ഉത്തരവാദിത്വമാണുള്ളത്. എല്ലാ തലങ്ങളിലുമുള്ള അല്മായരെ സഭയോടു ചേർത്തു നിർത്താൻ നേതൃരംഗങ്ങളിലുള്ളവർക്കു സാധിക്കേണ്ടതുണ്ടെന്നും കർദിനാൾ ഓർമിപ്പിച്ചു.

അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ചു. മഹാത്മഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ്ചാൻസലർ ഡോ. സിറിയക് തോമസ്, കമ്മീഷൻ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ, എറണാകുളം-അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സിജോ പൈനാടത്ത്, സഭാ വക്താവ് പി.ഐ.ലാസർ, മാധ്യമപ്രവർത്തക ജീനാ പോൾ, കത്തോലിക്ക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് വി.വി.അഗസ്റ്റിൻ, കെസിബിസി പ്രോലൈഫ് സമിതി സെക്രട്ടറി സാബു ജോസ്, ഡോ. മേരി റെജീന, അഡ്വ. മനോജ് കണ്ടത്തിൽ തലശേരി, ഡോ. ആന്റണി മാത്യൂസ് ചങ്ങനാശേരി, ഫാ. ജോസഫ് കൊല്ലക്കൊല്ലിൽ ഇടുക്കി, ഫീസ്റ്റി ജോർജ് മാമ്പിള്ളി രാമനാഥപുരം, ഡോ.ചാക്കോ കാളാംപറമ്പിൽ താമരശേരി, ഡോ. സാബു ഡി. മാത്യു പാല, സുനിൽ ജോസ് വി. ഇരിങ്ങാലക്കുട, അഡ്വ. റൈജു വർഗീസ് കോതമംഗലം, ഏബ്രഹാം മാത്യു കാഞ്ഞിരപ്പിള്ളി, ഡോ. ലിസ റോബിൻ ഫരീദാബാദ്, സെബാസ്റ്റ്യൻ പാലംപറമ്പിൽ മാനന്തവാടി തുടങ്ങിയവർ പ്രസംഗിച്ചു.

## ഏകീകൃത സിവിൽ കോഡ് സ്വാഗതാർഹം: മാർ ആലഞ്ചേരി

കൊച്ചി: മതങ്ങളുടെയും വിശ്വാസങ്ങളുടെയും സ്വാതന്ത്ര്യങ്ങളെ ഹനിക്കാത്ത തരത്തിൽ ഏകീകൃത സിവിൽ കോഡ് നടപ്പിൽ വരുത്തുന്നതു സ്വാഗതാർഹമാണെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. എല്ലാ വിഭാഗം ജനങ്ങളുടെയും പാരമ്പര്യങ്ങളെയും അനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും നിലനിർത്തിക്കൊണ്ടുതന്നെ ഏകീകൃത സിവിൽ കോഡ് നടപ്പാക്കാനാണു സർക്കാർ ശ്രദ്ധിക്കേണ്ടത്. ഇക്കാര്യത്തിൽ അഭിപ്രായ സമന്വയം രൂപപ്പെടുത്തേണ്ടതുണ്ടെന്നും കർദിനാൾ ചൂണ്ടിക്കാട്ടി.


LAITY VOICE ക്രൈസ്തവ ജനതയുടെ മുഖപത്രം

**തിരിച്ചുവരാനാവാത്തവിധം വൻ രാഷ്ട്രീയ പ്രതിസന്ധിയിലാണ് കോൺഗ്രസിന്ന്. ജനകീയ അംഗീകാരമുള്ളതും, ശക്തവുമായ നേതൃത്വത്തിന്റെ അഭാവമുയർത്തുന്ന വെല്ലുവിളിമൂലം നടുക്കടലിലാണ് അഞ്ചരപതിറ്റാണ്ടുകൾ രാജ്യം ഭരിച്ചവർ. ഇന്നലകളിൽ ഉയർത്തിക്കാട്ടിയ ജനാധിപത്യമതേതരത്വ മുദ്രാവക്യങ്ങളും, അധികാര ആദർശങ്ങളും കൈമോശം വന്നുവോ?. വികസസന അജണ്ടകളും രാഷ്ട്രീയനിലപാടുകളും ഒലിച്ചുപോയോ? വ്യക്തി കേന്ദ്രീകൃത അധികാരങ്ങളുടെ ഇസ്തിരിയിട്ട ഖദറിനുള്ളിലെ പഴഞ്ചൻ ഉപദേശ ഉപജാപകസംഘങ്ങൾ കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാതെ യുവത്വങ്ങളെ കോൺഗ്രസിൽ നിന്നകറ്റിയോ? വരുംനാളുകളിൽ പ്രതീക്ഷകളും സ്വപ്നങ്ങളും തകർക്കപ്പെട്ട് ഈ ദേശീയ രാഷ്ട്രീയ പ്രസ്ഥാനം ചരിത്രത്തിന്റെ ഭാഗമാകുമോ?**

# നടുക്കടലിൽ ദിശയറിയാതെ കോൺഗ്രസ്

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ജവഹർലാൽ നെഹ്റുവിൽ തുടങ്ങി ഗുൽസാരിലാൽ നന്ദ, ലാൽ ബഹദൂർ ശാസ്ത്രി, ഇന്ദിരാഗാന്ധി എന്നിവരിലൂടെ 1977 മാർച്ച് 24 വരെ തുടർച്ചയായി 30 വർഷക്കാലം രാജ്യം ഭരിച്ച കോൺഗ്രസ്. മൊറാർജി ദേശായി, ചരൺസിംഗ് എന്നിവർ നയിച്ച ജനതാപാർട്ടിയുടെ മൂന്ന് വർഷക്കാലത്തെ ഇടവേളയ്ക്കുശേഷം വീണ്ടും 1980 ജനുവരി 14ന് അധികാരത്തിൽ. 1989 ഡിസംബർ 2 വരെ ഇന്ദിരാഗാന്ധിയിലൂടെയും രാജീവ് ഗാന്ധിയിലൂടെയും 9 വർഷങ്ങൾ. 1991 ജൂൺ 21ന് വിപി സിംഗ്, ചന്ദ്രശേഖർ മന്ത്രിസഭകളെ പുറന്തള്ളി നരസിംഹറാവുവിന്റെ 5 വർഷങ്ങൾ. തീർന്നില്ല, 1996 മെയ് 16ന് എ.ബി.വാജ്പേയിൽ തുടങ്ങി ദേവഗൗഡ, ഗുജ്റാൾ എന്നിവരിലൂടെ വാജ്പേയിൽ അവസാനിച്ച 8 വർഷങ്ങൾക്കുശേഷം 2004 മെയ് 22ന് സോണിയ ഗാന്ധിയെ പിൻസീറ്റിലിരുത്തി മൻമോഹൻസിംഗിന്റെ 10 വർഷം. 2014 മെയ് 26 മുതൽ ഭരണത്തിൽ നിന്ന് പുറത്തായി ഈ നിമിഷംവരെ നരേന്ദ്രമോദിയുടെ ഭരണം.



**ഇങ്ങനെ അഞ്ചര പതിറ്റാണ്ടിലേറെ അധികാരത്തിലിരുന്ന ദേശീയപ്രസ്ഥാനമാണ് ഇന്ന് ദിശയറിയാതെ നെട്ടോട്ടമോടുന്നത്. ഒന്നുകൂടി വ്യക്തമാക്കിയാൽ സ്വയംവരുത്തിവെച്ച തകർച്ചയുടെ ഇരുട്ടറയിലാണ് കോൺഗ്രസ്.** കഴിഞ്ഞ നാളുകളിൽ കേന്ദ്രഭരണം കോൺഗ്രസിന് നഷ്ടപ്പെട്ടപ്പോൾ വീണ്ടും പ്രതീക്ഷയേകിയത് വിവിധ സംസ്ഥാനങ്ങളുടെ ഭരണം കൈപ്പിടിയിലായിരുന്നുവെന്നതാണ്. സംസ്ഥാന ഭരണത്തിന്റെ തണലിൽ വീണ്ടും കേന്ദ്രത്തിൽ അധികാരത്തിലേറുവാൻ പലപ്പോഴും അവസരമൊരുങ്ങുമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി ഏറെ പരിതാപകരം. പ്രമുഖമായ ഒരു സംസ്ഥാനത്തും കോൺഗ്രസ് ഇന്ന് അധികാരത്തിലില്ലന്നുമാത്രമല്ല ഒരിക്കലും തിരിച്ചുവരാനാകാത്തവിധം തകർന്നടിഞ്ഞിരിക്കുന്നു. നെഹ്റുവിൽ നിന്നും ഇന്ദിരാഗാന്ധിയുടെ മകനിലൂടെ, മരുമകളിലൂടെ, ചെറുമകനിലേയ്ക്ക് കോൺഗ്രസ് നേതൃത്വം എത്തിച്ചേർന്നിരിക്കുമ്പോൾ തിരിച്ചുവരവിന്റെ പ്രതീക്ഷകൾ അസ്തമിച്ചുവോ?

**ആദർശവും ആത്മവിശ്വാസവും അണികൾക്കു പകർന്നേകി ഇന്ത്യയെ വളർത്തിയെടുത്ത ജനനേതാക്കളെ മാതൃകയാക്കി ധാർമ്മികതയുടെ പാതയിലൂടെ ഈ നാടിനെ നയിക്കുവാൻ ഒരു പുതിയ നേതൃത്വനിര കോൺഗ്രസിൽ ഇനി എന്നുണ്ടാവും?**

കോൺഗ്രസ് ഇന്ന് ഇന്ത്യയിൽ ഭരിക്കുന്നത് ആറുസംസ്ഥാനങ്ങളിൽ മാത്രം. കർണാടക, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ്, മണിപ്പൂർ, മേഘാലയ, പുതുച്ചേരി എന്നിവ. കർണ്ണാടക ഒഴിച്ചുള്ളവ ജനസംഖ്യയിൽ വളരെ ചെറിയ സംസ്ഥാനങ്ങൾ. 14 സംസ്ഥാനങ്ങളിൽ പ്രധാന പ്രതിപക്ഷം കോൺഗ്രസാണ്.

1998 ഡിസംബർ 03 മുതൽ 5504 ദിവസം ഷീല ദീക്ഷിതിലൂടെ ഡൽഹി സംസ്ഥാനം ഭരിച്ച കോൺഗ്രസ് നിർദ്ദയം തൂത്തെറിയപ്പെട്ടത് നാം കണ്ടില്ലേ. മദ്ധ്യപ്രദേശിൽ 1993 ഡിസംബർ 07 മുതൽ 3654 ദിവസം ഭരിച്ച ദിഗ്‌വിജയ് സിംഗിനും പിന്നീടങ്ങോട്ട് തിരിഞ്ഞുനോക്കാനായോ? കോൺഗ്രസിലെ മുടിചൂടാമന്നന്മാർ വാണരുളിയിരുന്ന ഉത്തർപ്രദേശിൽ അധികാരത്തിലെത്താൻ കേന്ദ്രത്തിൽ അധികാരത്തിലിരുന്നിട്ടും 1989 ഡിസംബർ 5 നുശേഷം കോൺഗ്രസിനായില്ല. ജനതാദളും ബിജെപിയും സമാജ്‌വാജി പാർട്ടിയും ബിഎസ്പിയും മാറിമാറി ഭരിച്ച് 2017ൽ അവസാനിക്കുന്ന 16-ാം അസംബ്ലിക്കുശേഷം 17 ാം നിയമസഭ സമാജ്‌വാദി പാർട്ടിയുടെ കൈകളിൽ നിന്ന് കോൺഗ്രസിനു തിരിച്ചുപിടിക്കാനാവുമോ?

തമിഴ്നാട്ടിൽ അണ്ണാഡിഎംകെ-ഡിഎംകെ പോരാട്ടത്തിൽ കോൺഗ്രസിന് യാതൊരു രാഷ്ട്രീയപ്രസക്തിയും നിലനിൽപ്പുമില്ലാത്ത ദയനീയസ്ഥിതിയാണ്. ഇവിടെ നിന്നും ദേശീയ രാഷ്ട്രീയത്തിലുള്ള ഉന്നതന്മാർക്കുപോലും സ്വന്തം മണ്ണിൽ കാലുകുത്താനാവാത്ത അവസ്ഥ. പഞ്ചാബിൽ ശിരോമണി അകാലിദൾ 2007 മാർച്ച് 01 മുതൽ ഭരണത്തിലാണ്. പ്രകാശ്സിംഗ് ബാദൽ അതിശക്തനുമാണ്. കോൺഗ്രസിന് ഇവിടെ ഭാവിയെവിടെ? മഹാരാഷ്ട്രയിൽ മഹാരഥന്മാരുടെ



പുണ്യഭൂമിയിൽ ബിജെപി, എൻസിപി, ശിവസേന എന്നിവരുടെ പിന്നിലായ കോൺഗ്രസിന്റെ തിരിച്ചുവരവ് വിദൂരസ്വപ്നമാക്കി ഗുരുദാസ് കമ്മത്തിനെപ്പോലുള്ളവർ എല്ലാം വലിച്ചെറിഞ്ഞ് നിശബ്ദസേവകരായി മാറിയിരിക്കുന്നു. പശ്ചിമബംഗാളിൽ ഒരു കാലത്ത് കോൺഗ്രസിന്റെ തീപ്പൊരിയായിരുന്ന മമതാ ബാനർജി തൃണമൂൽ കോൺഗ്രസായി അധികാരത്തിൽ വന്നതും ഇന്നും തുടരുന്നതും കണ്ടുപഠിക്കേണ്ടതാണ്.

പതിറ്റാണ്ടുകൾ ബംഗാൾ ഭരിച്ച സിപിഎമ്മുമായി കൂട്ടുചേർന്നിട്ടുപോലും കോൺഗ്രസിന്റെ സ്ഥിതി വളരെ ദയനീയമായി. ഛത്തീസ്ഗഡിൽ മുൻമുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവും ആദിവാസികളുടെ ശക്തനായ നേതാവുമായ അജിത് ജോഗി കോൺഗ്രസിനോട് വിടപറഞ്ഞ് സ്വന്തം പാർട്ടിയുണ്ടാക്കിയിരിക്കുന്നത് നിരന്തരമായ പരാജയങ്ങളുടെ സമയത്തേറ്റിരിക്കുന്ന വൻ തിരിച്ചടിയാണ്. സിപിഎം ഭരിക്കുന്ന ത്രിപുരയിൽ പത്ത് കോൺഗ്രസ് എംഎൽഎ മാരിൽ ആറുപേരും കോൺഗ്രസ് വിട്ട് തൃണമൂൽ കോൺഗ്രസിൽ ചേർന്നു. കോൺഗ്രസ് ഭരിക്കുന്ന മേഘാലയത്തിൽ ഒരുവിഭാഗം കോൺഗ്രസ് എംഎൽഎമാർ മുഖ്യമന്ത്രിക്കെതിരെ പരസ്യനിലപാടിലായിട്ട് നാളുകളേറെയായി. 9 കോൺഗ്രസ് എംഎൽഎമാർ പാർട്ടിക്കെതിരെ വോട്ടുചെയ്ത ഉത്തരാഖണ്ഡിൽ പിടിച്ചുനിൽക്കുന്നത് കോടതിയുടെ ഇടപെടലുകൾ ഒന്നുകൊണ്ടു മാത്രം. 156 അംഗങ്ങളുണ്ടായിരുന്ന ആന്ധ്രാ നിയമസഭയിൽ 2014 ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കോൺഗ്രസ് വട്ടപ്പൂജ്യം. തെലുങ്കാനയിലാകട്ടെ വെറും രണ്ടു സീറ്റുമാത്രം. മുഫ്തി



മുഹമ്മദ് സെയ്ദ് കോൺഗ്രസിനോട് വിടപറഞ്ഞപ്പോൾ ജമ്മു-കാശ്മീരിൽ കോൺഗ്രസ് തകർന്നടിഞ്ഞു പക്ഷേ, പിഡിപി എന്ന സ്വന്തം പാർട്ടിയുണ്ടാക്കി സെയ്ദ് മുഖ്യമന്ത്രിയായി. ഇപ്പോൾ മകളും. ആസാമിൽ ഹിമന്ത ബിശ്വ ശർമ്മയുടെ നേതൃത്വത്തിൽ കോൺഗ്രസിൽ നിന്ന് അണികളും നേതാക്കളും ബിജെപിയിലേയ്ക്ക് ഒഴുകിയപ്പോൾ കോൺഗ്രസ് തകർന്നു, ഭരണം ബിജെപിയുടെ കൈകളിലെത്തി. റാവു വീരേന്ദ്ര സിംഗും ഇന്ദർജിത് സിംഗും കോൺഗ്രസിനെ തള്ളിപ്പറഞ്ഞ് ബിജെപിയില് ചേക്കേറിയപ്പോൾ ഹരിയാനയിലും കോൺഗ്രസ് നാമമാത്രമായി.

ജനദാദൾ സെക്കുലറിൽ നിന്നും ഭാരതീയ ജനതാ പാർട്ടിയിൽ നിന്നും 2013 മെയ് 13ന് കർണ്ണാടക ഭരണം കൈപ്പിടിയിലാക്കുവാൻ സിദ്ധരാമയ്യയിലൂടെ കോൺഗ്രസിനു സാധിച്ചെങ്കിലും 2018ലെ തെരഞ്ഞെടുപ്പിൽ അത്ഭുതങ്ങൾ നടക്കുമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല.

കേരളത്തിലും എക്കാലത്തേയുംകാൾ ദയനീയ പരാജയമാണ് കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഏറ്റുവാങ്ങിയത്. കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിന് ഒരു ചരിത്രമുണ്ടെങ്കിലത് കെ.കരുണാകരന്റെ നല്ല നാളുകളിലെ സുവർണ്ണ ചരിത്രമാണ്. **വളർച്ചയിലും തളർച്ചയിലും നെഞ്ചുനിവർത്തിനിന്ന് കണ്ണിറുക്കി കള്ളച്ചിരിയോടെ മലപോലെ വരുന്ന വമ്പൻ പ്രശ്നങ്ങളെയും നിസാരവൽക്കരിച്ച് നേട്ടങ്ങൾ കൊയ്ത രാഷ്ട്രീയ തന്ത്രശാലിയുടെ കൈകളിൽ വളർന്ന കോൺഗ്രസായിരുന്നു ജനങ്ങളെ സേവിച്ച ജനങ്ങൾ സ്നേഹിച്ച കോൺഗ്രസെന്ന് ശത്രുക്കൾപോലും പറയും.**

അധികാരത്തിന്റെ സോപാനങ്ങളിലേയ്ക്ക് ചവിട്ടിക്കയറാൻ ആദർശത്തെ തൂവെള്ളഖദറിലൂടെ അണിയിച്ചൊരുക്കിയ ആദർശവാദികളും, ബുദ്ധിജീവികളും, എഴുപതുകളിൽ യുവജനങ്ങളിൽ ആവേശംവാരിവിതറി ആഞ്ഞടിച്ച യുവതുർക്കികളും മഹത്തായ പാരമ്പര്യമോതുന്ന ഈ രാഷ്ട്രീയ പ്രസ്ഥാനത്തെ കേരളത്തിലിന്ന് എവിടെയെത്തിച്ചിരിക്കുന്നു? പ്രസ്ഥാനത്തിന്റ ഉന്നതനേതൃസ്ഥാനങ്ങൾ ഇന്നും അലങ്കരിക്കുന്ന 1970കളിലെ യുവതുർക്കികൾ അന്നത്തെ നേതൃത്വങ്ങൾക്കെതിരെയാഞ്ഞടിച്ചത് കോൺഗ്രസ് വേറെ യൂത്ത്കോൺഗ്രസ് വേറെ എന്നുപറഞ്ഞാണ്. 54-ാം വയസിൽ കെ കരുണാകരൻ ആഭ്യന്തരമന്ത്രിയായപ്പോൾ യുവത്വത്തിന്റെ ആവേശത്തിൽ ഇക്കൂട്ടർ വിളിച്ചു

**അധികാരത്തിന്റെ സോപാനങ്ങളിലേയ്ക്ക് ചവിട്ടിക്കയറാൻ ആദർശത്തെ തൂവെള്ളഖദറിലൂടെ അണിയിച്ചൊരുക്കിയ ആദർശവാദികളും, ബുദ്ധിജീവികളും, എഴുപതുകളിൽ യുവജനങ്ങളിൽ ആവേശംവാരിവിതറി ആഞ്ഞടിച്ച യുവതുർക്കികളും മഹത്തായ പാരമ്പര്യമോതുന്ന ഈ രാഷ്ട്രീയ പ്രസ്ഥാനത്തെ കേരളത്തിലിന്ന് എവിടെയെത്തിച്ചിരിക്കുന്നു? ഗ്രൂപ്പുനേതാക്കൾക്ക് കുടപിടിക്കുന്ന ഗതികെട്ട അവസ്ഥയിൽ നിന്ന് നട്ടെല്ലുവളയ്ക്കാതെ നെഞ്ചുനിവർത്തിനിൽക്കുവാൻ കഴിയുന്ന യുവനേതൃത്വം കോൺഗ്രസിനുണ്ടാകണം.**

പറഞ്ഞത് വൃദ്ധനേതൃത്വങ്ങൾ ഒഴിഞ്ഞുമാറണമെന്നാണ്. 62-ാം വയസിൽ ആർ ശങ്കറിന് ചിറയിൻകീഴ് സീറ്റ് നിഷേധിച്ചത് പ്രായക്കൂടുതൽ ആരോപിച്ചാണ്. ഇങ്ങനെ 54നെയും 62നെയും വൃദ്ധഗണത്തിൽപ്പെടുത്തി ആക്ഷേപിച്ച് മൂലയ്ക്കിരുത്തുവാൻ ഇറങ്ങിത്തിരിച്ച ഇന്നലകളിലെ യുവത്വങ്ങൾ ഇന്ന് സപ്തതി കഴിഞ്ഞ് നവതിയിലെത്തുമ്പോഴും അധികാരകേന്ദ്രങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുന്നത് നാം കാണുന്നില്ലേ? **ഇത്തരം കപട ആദർശ നേതൃത്വങ്ങളാണ് കോൺഗ്രസിന്റെ കുഴിതോണ്ടുന്നതെന്ന് വിളിച്ചുപറയുവാൻ നാവുയരാത്ത വിഘടിച്ചുനിൽക്കുന്ന യുവത്വത്തെയോർത്ത് സഹതാപം തോന്നുന്നു.** ചിലരുടെ റിട്ടയർമെന്റ് ജീവിതത്തിലെ തമാശയായി കോൺഗ്രസ് പ്രസ്ഥാനത്തിന്റ അധികാരസ്ഥാനങ്ങൾ മാറുമ്പോൾ തകർന്നടിയുന്നത് ഈ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ഊർജ്ജസ്വലതയും പ്രസരിപ്പുമാണ്. ഇവർക്കെതിരെ വിരൽ ചൂണ്ടുവാൻ ഒരു യുവത്വവും ഉയർത്തെഴുന്നേൽക്കുന്നില്ലന്നുള്ളതാണ് കോൺഗ്രസിന്റെ ഏറ്റവും വലിയ ദുരവസ്ഥ.

ഗ്രൂപ്പുനേതാക്കൾക്ക് കുടപിടിക്കുന്ന ഗതികെട്ട അവസ്ഥയിൽ നിന്ന് നട്ടെല്ലുവളയ്ക്കാതെ നെഞ്ചുനിവർത്തിനിൽക്കുവാൻ കഴിയുന്ന യുവനേതൃത്വം കോൺഗ്രസിനുണ്ടാകണം. രാജ്യത്തെയൊന്നാകെ ഇളക്കിമറിച്ച് ലോകത്തിനുമുമ്പിൽ ഇന്ത്യയെ ഉയർത്തിക്കാട്ടിയ ഇന്ദിരാഗാന്ധിക്കുശേഷം ഇപ്പോൾ നേതൃത്വത്തിൽ തുടരുന്ന ചെറുമകന്റെ ചെവിയിൽ രാജ്യതല

സ്ഥാനത്തിരുന്ന് ഉപദേശം നൽകുന്ന ആദർശപര്യായങ്ങൾ അധികാരനാളുകളിൽ ഈ നാടിനും ജനതയ്ക്കും എന്തുനൽകിയെന്ന് ജനം ചിന്തിച്ചുതുടങ്ങിയതിന്റെ ബാക്കിപത്രം കൂടിയാണ് കേരളത്തിൽ യുഡിഎഫിനേറ്റ കനത്തപരാജയത്തിന്റെ ഒരു കാരണം.

**മതേതരത്വത്തിന്റെ സംരക്ഷകർ, വികസനത്തിന്റെ നായകർ, ജനാധിപത്യത്തിന്റെ ശില്പികൾ എന്നിങ്ങനെ മകുടം ചാർത്താൻ ഒട്ടേറെ ഗുണവിശേഷങ്ങൾ ഉണ്ടെങ്കിലും പലതും കോൺഗ്രസിൽ നിന്ന് അകന്നുപോകുന്നത് തലമുറകൾ കണ്ടു. മതേതരത്വം, ജനാധിപത്യം എന്നീ മുദ്രാവാക്യങ്ങളിൽ നിന്ന് ആവേശംപൂണ്ട യുവത്വമായിരുന്നു ഇന്നലെകളിൽ കോൺഗ്രസിന്റെ ശക്തിസ്രോതസ്സ്.** നയങ്ങളും




നടപടികളും നിലപാടുകളും പാളിപ്പോയപ്പോൾ രൂപംകൊണ്ട ആശയദാരിദ്ര്യവും അടിത്തറ തകർന്ന സംഘടനാസംവിധാനവും അടിയറവുവച്ച പ്രവർത്തനശൈലിയും വ്യക്തികേന്ദ്രീകൃത അധികാരസ്ഥാനങ്ങളും കോൺഗ്രസ് പ്രസ്ഥാനത്തെ പടുകുഴിയിലേയ്ക്ക് തള്ളിയിട്ടു. നെഹൃകുടുംബമില്ലെങ്കിൽ കോൺഗ്രസില്ലെന്നുള്ള സ്തുതിപാഠകരുടെ ഏറ്റുപറച്ചിലിൽ ഉടലെടുത്ത നേതൃത്വനിരയിലെ പാപ്പരത്തത്തിലും സംഘടനാബലഹീനതയിലും പ്രതീക്ഷ നഷ്ടപ്പെട്ടവർ ഇതര രാഷ്ട്രീയ പ്രസ്ഥാനങ്ങളിലേയ്ക്കും ബദൽ സംവിധാനങ്ങളിലേയ്ക്കും ഒഴുകിപ്പോയി. **ജനാധിപത്യരാഷ്ട്രീയത്തിൽ ജയവും തോൽവിയും സ്വാഭാവികമാണ്. എന്നാൽ തോൽവികൾ ഓരോന്നായി ഏറ്റുവാങ്ങുമ്പോഴും മാറ്റങ്ങൾക്കു തയ്യാറാകാതെ പരസ്പരം പഴിചാരി രക്ഷപെടുവാൻ ശ്രമിക്കുന്ന അഹങ്കാരവും ധാർഷ്ഠ്യവുമാണ് കോൺഗ്രസിന്റെ ശക്തി ക്ഷയിപ്പിക്കുന്നത്.**

ന്യൂനപക്ഷങ്ങളെ മോഹവലയത്തിലാക്കി കൂട്ടിനുള്ളിലടച്ച് നേട്ടംകൊയ്തവരുടെ ഉള്ളുകളികൾ ന്യൂനപക്ഷം തിരിച്ചറിഞ്ഞപ്പോൾ, പലസംസ്ഥാനങ്ങളിലും നടന്ന തെരഞ്ഞെടുപ്പുകളിൽ തകർച്ചയുടെ രൂപത്തിലത് പ്രതിഫലിച്ചു.

കർഷകരെ മറന്ന് അന്തർദ്ദേശീയ കരാറുകളിലൂടെ ഈ നാടിനെ വിദേശശക്തികൾക്ക് തീറെഴുതിയവർ, അനിയന്ത്രിതമായ റബർ ഇറക്കുമതിക്ക് കുടപിടിച്ച് കർഷകന്റെ നടുവൊടിച്ചവർ, ഗാഡ്ഗിൽ, കസ്തൂരിരംഗൻ സമിതികളിലൂടെ പശ്ചിമഘട്ടജനതയെ ദുരിതത്തിലേയ്ക്ക് തള്ളിയിട്ടവർ, കടലിനെ കലാപഭൂമിയാക്കിയ മീനാകുമാരി കമ്മീഷനെ നിയമിച്ചവർ, ജനകീയാധികാരത്തിന്റെ മറവിൽ അഴിമതിയിലൂടെ രാജ്യത്തെ കൊള്ളയടിച്ചവർ, ഭൂനികുതി, വീട്ടുനികുതി, വൈദ്യുതി ചാർജ്, ബസ്ചാർജ്, നിത്യോപയോഗ സാധനങ്ങളുടെ വില ഉൾപ്പെടെ പതിന്മടങ്ങായി വർദ്ധിപ്പിച്ചവർ. കേന്ദ്രം ഭരിച്ച കഴിഞ്ഞ യുപിഎ സർക്കാരിൽ കേരളത്തിൽ നിന്ന് 8 മന്ത്രിമാരുണ്ടായിരുന്നിട്ടും ജനകീയപ്രശ്നങ്ങളിൽ നിന്നു മുഖംതിരിഞ്ഞുനിന്നവരെ ജനം തള്ളിക്കളഞ്ഞതിലത്ഭുതമില്ല.

**കോൺഗ്രസിന്റെ ശത്രു ബിജെപിയോ മാർക്സിസ്റ്റ് പാർട്ടിയോ ഇതര ഇടതുവലതുപക്ഷ പാർട്ടികളുമല്ല. എക്കാലവും കോൺഗ്രസ് തന്നെയാണ്.** പാർട്ടിക്കുള്ളിൽ പാർട്ടിയേക്കാൾ ശക്തമായി രൂപപ്പെട്ടിട്ടുള്ള അധികാരകേന്ദ്രങ്ങൾ. അധികാരത്തിലേറുവാനും അധികാരത്തിൽ തുടരുവാനും പ്രസ്ഥാനത്തെ വിലപറഞ്ഞ് വിൽക്കുന്നവർ, ഇവർക്കായി അടിമപ്പണി ചെയ്യുന്നവർ,നിരന്തരമുള്ള വിഴുപ്പലക്കലുകൾ, പുറപ്പുറത്തുകയറിനിന്നുള്ള ആദർശവാദങ്ങൾ, അച്ചടക്കമില്ലായ്മ. ജനാധിപത്യമായാൽ ഇങ്ങനെയൊക്കെയാകാമെന്ന് ഒരു പക്ഷേ വീമ്പുപറഞ്ഞ് രക്ഷപെടാം. **പക്ഷേ തകർച്ചയുടെ പടുകുഴിയിൽ കിടന്ന് കൈകാലിട്ടടിക്കുമ്പോൾ, ഒരുനിമിഷമെങ്കിലും നിവർന്നുനിൽക്കുവാനുള്ള ശ്രമമെങ്കിലും വേണ്ടേ?**

പാർട്ടിസംവിധാനങ്ങൾ ചിട്ടപ്പെടുത്തി സംഘടനയെ ശക്തിപ്പെടുത്തേണ്ടവർ പരസ്പരം പോരടിച്ച് പാർട്ടിപ്രവർത്തകരെയും പൊതുസമൂഹത്തെയും വെറുപ്പിക്കുമ്പോൾ ഒരുപ്രസ്ഥാനവും വളരില്ല. വ്യക്തിഹത്യകളും ഗ്രൂപ്പുകളികളുമായി കോൺഗ്രസിനുള്ളിൽ തന്നെ പ്രതിപക്ഷം രൂപപ്പെടുമ്പോൾ പാർട്ടിയംഗങ്ങളും അഭ്യുദയകാംക്ഷികളും ഓടിയൊളിക്കുന്നതും നിസംഗതയോടെ നിർജ്ജീവമാകുന്നതും നേതൃത്വത്തിന് എത്രനാൾ കണ്ടില്ലെന്ന് നടിക്കാനാവും?

**കോൺഗ്രസ് വിമുക്തഭാരതമല്ല കോൺഗ്രസ് ശക്തഭാരതമാണ് വേണ്ടതെന്ന് അണികളെയും പൊതുസമൂഹത്തെയും പറഞ്ഞുപഠിപ്പിക്കുവാൻ പ്രാപ്തിയുള്ളവർ കോൺഗ്രസിലുണ്ടോ? തച്ചുടയ്ക്കപ്പെട്ട സർവ്വസമഭാവനയുടെ സാംസ്കാരികധാരയെ മടക്കിക്കൊണ്ടുവരേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് കോൺഗ്രസിനെങ്ങനെ ഒഴിഞ്ഞുമാറാനാവും?** അതിനുവേണ്ടത് ശക്തനായ ഒരു നേതാവിനെ ദേശീയതലത്തിൽ ഉയർത്തിക്കാട്ടുകയാണ്. ഇന്ത്യയിൽ നിലവിലുള്ള ഭരണനേതൃത്വത്തിനും സംവിധാനത്തിനും ബദൽസംവിധാനം ഒരുക്കുവാൻ കോൺഗ്രസിന് സാധിക്കണം. **മതേതര ഇന്ത്യയുടെ ആത്മാവിനെ തൊട്ടറിഞ്ഞ് സഹിഷ്ണുതയും സമഭാവനയും ഭാരതമണ്ണിൽ പുലരുവാൻ, വർഗ്ഗീയതയ്ക്കെതിരെ പോരാടുവാൻ ദേശീയതലത്തിൽ ഒരു ഉയർത്തെഴുന്നേൽപ്പ് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അണികളെ ബോധ്യപ്പെടുത്തി സജ്ജരാക്കണം.**

ഉത്തർപ്രദേശ് ഉൾപ്പെടെ ഇന്ത്യയിലെ പ്രമുഖസംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പുകൾക്ക് ഇനി അധികനാളുകളില്ല. രാജ്യത്തിന്റെ പൊതുതെരഞ്ഞെടുപ്പ് 2019ൽ. ഇന്ദിരാഗാന്ധിയുടെ ചെറുമകൾ പ്രിയങ്കഗാന്ധിയായിരിക്കും ഒരു പക്ഷേ ഇനിയുള്ള നാളുകളിൽ കോൺഗ്രസിന്റെ തുറുപ്പുചീട്ട്. ഈ ശ്രമം കൂടി പരാജയപ്പെട്ടാൽ പതിറ്റാണ്ടുകൾ രാജ്യം ഭരിച്ച ഒരു പ്രസ്ഥാനത്തിന്റെ മരണമണി മുഴങ്ങുകയായി. അധികാരത്തിനുവേണ്ടി പാർട്ടിക്കുള്ളിൽ കടിപിടി കൂട്ടുന്നവർ വീണ്ടുമൊരങ്കത്തിനായി പുത്തൻലാവണ്യങ്ങൾ തേടിപ്പോകാം, പക്ഷേ ചോരയും നീരും മാത്രമല്ല ജീവനൊന്നാകെ നൽകി വളർച്ചയുടെ വഴികളിൽ സ്വയംശൂന്യരായിത്തീർന്ന ഒട്ടനേകം പാർട്ടിസ്നേഹികളുടെ ആത്മാക്കൾ ഇന്നിന്റെ നേതൃത്വങ്ങൾക്ക് മാപ്പ് നൽകില്ല.

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ

# മതസൗഹാർദ്ദം സ്കൂളിൽ നിന്നും സമൂഹത്തിലേക്ക് വളരണം: മാർ മാത്യു മൂലക്കാട്ട്

ഫാ.റോബി കണ്ണൻചിറ സി.എം.ഐ



മതസൗഹാർദ്ധം സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികളിലൂടെ സമൂഹത്തിലേക്ക് വളരണമെന്ന് കെ.സി.ബി.സി. ഡയലോഗ് ആന്റ് എക്യുമെനിസം കമ്മീഷൻ ചെയർമാൻ കോട്ടയം ആർച്ച് ബിഷപ്പ് മാർ മാത്യൂ മൂലക്കാട്ട് അഭിപ്രായപ്പെട്ടു. കമ്മീഷന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ആരംഭിക്കുന്ന മൈത്രീ കൂട്ടായ്മയുടെ സംസ്ഥാനതല ഉദ്ഘാടനം പെരുമ്പാവൂർ വിമല സെൻട്രൽ സ്കൂളിൽ നിർവ്വഹിച്ചു കൊണ്ടു സംസാരിക്കുകയായിരുന്നു ബിഷപ്പ്. വിദ്യാർത്ഥികൾ ഒരു കുടുംബമായി വളരുന്ന ഒരു സംസ്കാരം വളർത്തിയെടുക്കുവാൻ അധ്യാപകരും രക്ഷിതാക്കളും സഹകരിക്കണമെന്നും മാനവമൈത്രി, മതമൈത്രി, ഭൂമൈത്രി എന്നിവ പ്രചരിപ്പിക്കുന്ന കമ്മീഷൻ പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികൾ പങ്കാളികളാവണമെന്നും ബിഷപ്പ് തുടർന്ന് പറഞ്ഞു. ഡി.സി.എൽ, കെ.സി.എസ്.എൽ തുടങ്ങിയ വിവിധ വിദ്യാർത്ഥി പ്രസ്ഥാനങ്ങളോടും ചേർന്ന് കൊണ്ടുമാണ് പ്രവർത്തന ങ്ങൾ നടത്തുന്നത്. കമ്മീഷൻ സെക്രട്ടറി ഫാ.റോബി കണ്ണൻചിറ സി.എം.ഐ., ഡി.സി.എൽ. ഡയറക്ടർ ഫാ.റോയി കണ്ണൻചിറ സി.എം.ഐ., സി.എം.സി. മേരി മാതാ പ്രൊവിഷ്യൽ സിസ്റ്റർ പ്രസന്ന സി.എം.സി., സിജോ ജോസഫ് പുതുശ്ശേരി, ദേവജിത്ത് റെജി, ഫാ.പോൾ മണവാളൻ, പോൾ ബെന്നി എന്നിവർ പ്രസംഗിച്ചു.

# കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ നയങ്ങൾക്കെതിരേ പ്രക്ഷോഭം തുടങ്ങും: ഇൻഫാം



വാഴക്കുളം: കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ നയങ്ങൾക്കെതിരെ പ്രക്ഷോഭം ആരംഭിക്കുമെന്നും മൂന്നു മാസത്തിനകം എല്ലാ ജില്ലകളിലും കർഷക പ്രതിഷേധ യോഗം വിളിച്ചുചേർത്ത് ഒരു ലക്ഷം കർഷകരുടെ നിവേദനങ്ങൾ സമാഹരിച്ച് ഒക്ടോബർ അഞ്ചിനു കേന്ദ്രസർക്കാരിനു സമർപ്പിക്കുമെന്നും ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയാർ അഡ്വ.വി.സി. സെബാസ്റ്റ്യൻ.

ഇൻഫാം സമരപ്രഖ്യാപന കൺവൻഷനും കാർഷിക നഴ്സറി, ധാന്യപ്പൊടി മില്ല് എന്നിവയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്രസർക്കാർ ഒപ്പുവയ്ക്കാനൊരുങ്ങുന്ന റീജണൽ സംയോജിത സാമ്പത്തിക കരാറിൽനിന്ന് ഇന്ത്യ പിന്മാറുക, നികുതി രഹിത കാർഷിക ഇറക്കുമതി പിൻവലിക്കുക, ഇന്ത്യ-മലേഷ്യ കരാർ പിൻവലിക്കുക, അടിസ്ഥാന ഇറക്കുമതി വില നിശ്ചയിച്ചു നടപ്പാക്കുക, ഉത്പാദന ചെലവിന് ആനുപാതികമായി അടിസ്ഥാന വില റബറിനും ഏർപ്പെടുത്തുക, നികുതിയിതര വരുമാന മാർഗങ്ങൾ കണ്ടെത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണു സമരപ്രഖ്യാപനം നടത്തിയത്.

ഇൻഫാം ദേശീയ ചെയർമാൻ ഫാ.ജോസഫ് ഒറ്റപ്ലാക്കൽ യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ അധ്യക്ഷതവഹിച്ചു. കാർഷിക നഴ്സറിയുടെ ഉദ്ഘാടനം പി.ജെ. ജോസഫ് എംഎൽഎയും വൃക്ഷത്തൈ വിതരണോദ്ഘാടനം എൽദോ ഏബ്രഹാം എംഎൽഎയും നിർവഹിച്ചു. മുൻ എംഎൽഎ സാജു പോൾ ധാന്യപ്പൊടി മില്ലിന്റെ ലോഗോ പ്രകാശനം നടത്തി.

ജോസഫ് ബാബു, ജോസ് പെരുമ്പിള്ളിക്കുന്നേൽ, ജോസി ജോളി, ജെസി ജയിംസ്, ലിസി ജോളി, എൻ.ജെ. ജോർജ്, തോമസ് വർഗീസ്, ഫാ. ജേക്കബ് തലാപ്പിള്ളിൽ, അഡ്വ.എം.സി. ജോർജ്, ജോയി തെങ്ങുംകുടി, അഡ്വ. പി.എസ്. മൈക്കിൾ, കെ.എസ്. മാത്യു, ജോയി പള്ളിവാതുക്കൽ, റോയി വള്ളമറ്റം, ഡൊമിനിക് ജോൺ, മൈതീൻ ഹാജി എന്നിവർ പ്രസംഗിച്ചു. ഇൻഫാം സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട് സ്വാഗതവും റീജണൽ സെക്രട്ടറി ഒ.എം. ജോർജ് നന്ദിയും പറഞ്ഞു.

# ഫ്രാൻസിസ് മാർപാപ്പ ബനഡിക്ട് പതിനാറാമന് ആശംസകൾ നേർന്നു



വത്തിക്കാൻ സിറ്റി: എമരിറ്റസ് പോപ്പ് ബനഡിക്ട് പതിനാറാമന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ 65-ാംവാർഷികം വത്തിക്കാനിൽ കഴിഞ്ഞ ദിവസം ആഘോഷിച്ചു.

വത്തിക്കാൻ കൊട്ടാരത്തിലെ ക്ലമന്റയിൻ ഹാളിൽ ഫ്രാൻസിസ് മാർപാപ്പയുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ മുപ്പതോളം കർദിനാൾമാരും മറ്റു നിരവധി വിശിഷ്ടാതിഥികളും കൂരിയാ ഉദ്യോഗസ്ഥരും പങ്കെടുത്തു.

ബനഡിക്ട് പതിനാറാമന് ആശംസകൾ അർപ്പിച്ച മാർപാപ്പ അദ്ദേഹത്തിന്റെ പ്രാർഥന തനിക്ക് ഏറെ ശക്തി പകരുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി. കഴിഞ്ഞ ഡിസംബർ എട്ടിന് കരുണയുടെ ജൂബിലി പ്രഖ്യാപനവേളയിലാണ് ഇരുവരും ഇതിനുമുമ്പ് ഒരു ചടങ്ങിൽ ഒരുമിച്ചു പങ്കെടുത്തത്.

# ദയാവധത്തിനു കൂട്ടുനിൽക്കുന്നത് ആത്മഹത്യയ്ക്കു തുല്യം: മാർപാപ്പ

വത്തിക്കാൻ സിറ്റി: ദയാവധത്തിനു കൂട്ടുനിൽക്കുന്നത് ആത്മഹത്യക്കു സഹായം ചെയ്യുന്നതുപോലെയാണെന്ന് ഫ്രാൻസീസ് മാർപാപ്പ. ഇത്തരത്തിൽ രോഗികളെ മരിക്കുവാൻ അനുവദിക്കുന്നവർ ചെയ്തു നൽകുന്ന സഹായങ്ങളെ 'തെറ്റായ അനുകമ്പ' എന്ന വാക്കുകൊണ്ടാണ് മാർപാപ്പ വിശേഷിപ്പിച്ചത്. വലിച്ചെറിയൽ സംസ്കാരത്തിന്റെ ആളുകളാണ് ദയാവധത്തെ ന്യായീകരിക്കുവാൻ വിവിധ വാദമുഖങ്ങൾ പല കോണുകളിൽ നിന്നും ഉയർത്തുന്നതെന്നും പാപ്പ കൂട്ടിച്ചേർത്തു. മെഡിക്കൽ രംഗത്തു പ്രവർത്തിക്കുന്നവരുടെ ഒരു മീറ്റിംഗിലാണ് ദയാവധത്തിനെതിരെ രൂക്ഷമായ ഭാഷയിൽ പാപ്പ രംഗത്തുവന്നത്.

"ഒരു വ്യക്തി ഭൂമിയിൽ നിന്നും മാറ്റപ്പെടുന്നത് അംഗീകരിക്കുവാൻ അനുകമ്പയുള്ളവർക്ക് സാധിക്കുകയില്ല. ആളുകളെ കൊലപ്പെടുത്തുന്നതിനോട് അനുകമ്പയുള്ളവർ യോജിക്കുകയുമില്ല" പാപ്പ പറഞ്ഞു. ആരോഗ്യത്തിനോ സൗന്ദര്യത്തിനോ കുറവു വരുമ്പോൾ സാധനങ്ങൾ വലിച്ചെറിയുന്നതുപോലെയോ ഒഴിവാക്കുന്നതുപോലെയോ മനുഷ്യജീവനെ കാണുന്നത് വലിച്ചെറിയൽ സംസ്കാരമായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂവെന്നും പാപ്പ പറഞ്ഞു. മെഡിക്കൽ രംഗത്തു പ്രവർത്തിക്കുന്ന ഡോക്ടർമാരും നേഴ്സുമാരും മറ്റു ജീവനക്കാരും യന്ത്രങ്ങളുടെ സഹായത്തോടെ മനുഷ്യജീവനെ പരിചരിക്കുന്നവർ മാത്രമാണെന്നു പറഞ്ഞ മാർപാപ്പ കാരുണ്യപൂർവ്വമുള്ള കരുതലാണ് ഇത്തരം ജോലി മേഖലകളിൽ നിന്നുള്ളവരിൽ നിന്നും രോഗികൾ ആഗ്രഹിക്കുന്നതെും കൂട്ടിച്ചേർത്തു. സാങ്കേതികവിദ്യകളും ശാസ്ത്രനേട്ടങ്ങളും എല്ലായ്പ്പോഴും മാനുഷിക മൂല്യങ്ങൾക്ക് പരിഗണന നൽകണമെന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഹൃദയത്തിലെ സ്നേഹം അവരുടെ കൈകളിൽക്കൂടി രോഗികളിലേയ്ക്ക് പകരുവാൻ സാധിക്കണമെന്നും പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചു. രോഗികളോടു കാണിക്കുന്ന കരുതൽ വെറും സഹതാപമല്ലെന്ന തിരിച്ചറിവ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണം. സഹതാപമല്ല രോഗികൾക്ക് ആവശ്യം; അവരുടെ അവസ്ഥയിലേയ്ക്ക് ഇറങ്ങി അവരുടെ രോഗവും ബുദ്ധിമുട്ടും നമ്മുടേതാണെന്ന തരത്തിൽ അതിനെ സ്വീകരിച്ച് അവർക്കുവേണ്ടി പ്രവർത്തിക്കണം. അപ്പോൾ മാത്രമേ രോഗത്തിൽ ആയിരിക്കുന്നവരുടെ ശരിയായ അവസ്ഥ നമുക്ക് മനസിലാക്കുവാൻ സാധിക്കുകയുള്ളൂ. രോഗികളെ സുഖപ്പെടുത്തുന്ന ക്രിസ്തുവിന്റെ കാരുണ്യത്തെക്കുറിച്ചു പറഞ്ഞാണ് പാപ്പ തന്റെ സന്ദേശം അവസാനിപ്പിച്ചത്. "ക്രിസ്തു നല്ലയിടയനാണ്. അവൻ മുറിവേറ്റ തന്റെ ആടുകളെ ശുശ്രൂഷിക്കുന്നു. അവയെ പരിചരിക്കു ക്രിസ്തു അവർക്ക് സൗഖ്യം വരുവോളം കരുതലോടെ അതിനെ ചേർത്തുപിടിക്കുന്നു. അവൻ നല്ല സമരിയാക്കാരനാണ്. മുറിവേറ്റു വഴിയിൽ കിടക്കുന്നവനെ താങ്ങി എഴുന്നേൽപ്പിച്ച് ശുശ്രൂഷിക്കുന്ന ഇടത്തേക്ക് നയിക്കുകയും മുറിവേറ്റവന് എല്ലാം നൽകുകയും ചെയ്യുന്ന കർത്താവാണ്" പാപ്പ കൂട്ടിച്ചേർത്തു. രോഗികളെ ശുശ്രൂഷിക്കുന്നവരുടെ കരങ്ങളെ താൻ അനുഗ്രഹിക്കുന്നുവെന്നു പറഞ്ഞ പാപ്പ കാരുണ്യം അവരിലേയ്ക്ക് പകരുവാൻ ദൈവം ഇടയാകട്ടെയെന്നും പ്രാർത്ഥിച്ചു.



# യഥാർഥ വരദാനങ്ങളെ പ്രോത്സാഹിപ്പിക്കണം: വിശ്വാസ തിരുസംഘം

വത്തിക്കാൻസിറ്റി: കരിസ്മാറ്റിക് പ്രസ്ഥാനങ്ങളും സഭാസംവിധാനവുമായുള്ള ബന്ധം കൂടുതൽ സജീവവും ഫലപ്രദവുമാക്കാൻ വിശ്വാസതിരുസംഘം കത്തോലിക്കാ മെത്രാന്മാർക്ക് നിർദേശം നൽകി. യഥാർഥ വരദാനങ്ങളെ പ്രോത്സാഹിപ്പിച്ചു സഭയ്ക്കു നവചൈതന്യം പകരണമെന്നു തിരുസംഘം നിർദേശിച്ചു.

കരിസ്മാറ്റിക് വരദാനങ്ങളും പ്രസ്ഥാനങ്ങളും തിരുസഭയുടെ ഭരണ സംവിധാനത്തോടു ചേർന്നും ഹയരാർക്കിക്കു വിധേയപ്പെട്ടും ജീവിക്കുമ്പോഴാണ് സുവിശേഷത്തിന്റെ ആനന്ദത്തിനു സാക്ഷ്യം വഹിക്കാൻ സാധിക്കുന്നതെന്നു തിരുസംഘം പുറത്തിറക്കിയ നവചൈതന്യമാർജിക്കുന്ന തിരുസഭ (യുവെനെഷിത് എക്ലേസിയ) എന്ന ലേഖനത്തിൽ വ്യക്തമാക്കി. ഹയരാർക്കിയും കരിസ്മാറ്റിക് ദാനങ്ങളും തമ്മിലുണ്ടാകേണ്ട ജീവാത്മകമായ ബന്ധത്തെ പുനർനിർവചിക്കുന്നതാണ് ഈ രേഖ.

തിരുസഭയിൽ ഹയരാർക്കിയും കരിസ്മാറ്റിക് വരദാനങ്ങളുള്ള വ്യക്തികളും പ്രസ്ഥാനങ്ങളും പരസ്പര യോജിപ്പോടെ പ്രവർത്തിക്കുമ്പോഴാണ് അവ തമ്മിലുള്ള പരസ്പര പൂരകത്വം പ്രകടമാകുന്നത്. പരിശുദ്ധാരൂപി പ്രദാനം ചെയ്യുന്ന കൃപാദാനങ്ങളിൽ സഭാംഗങ്ങൾ വ്യത്യസ്ത രീതിയിലാണു പങ്കുചേരുന്നത്. സഭാശുശ്രൂഷയ്ക്കു പ്രത്യേകവിധം ദൈവത്താൽ വിളിക്കപ്പെടുകയും നിയോഗിക്കപ്പെടുകയും ചെയ്യുന്നവർ സഭയിലെ വ്യക്തികളിലും പ്രസ്ഥാനങ്ങളിലും പ്രകടമാകുന്ന വരദാനങ്ങളെ വിവേചിച്ചറിയുകയും യഥാർഥമായവയെ പ്രോത്സാഹിപ്പിക്കുകയും പിതൃസഹജമായ ജാഗ്രതയോടെ അനുധാവനം ചെയ്യുകയും ചെയ്യണമെന്ന് ഈ രേഖ നിർദേശിക്കുന്നു.

ഇത്തരം വരദാനങ്ങൾ തിരുസഭയുടെ ഹൃദയത്തെ ആനന്ദത്താലും കൃതജ്ഞതയാലും നിറയ്ക്കുന്നു. എന്നാൽ, അവ യാഥാർഥ്യത്തിലുള്ള സഭാത്മക പക്വത പ്രാപിക്കുന്നതു തിരുസഭയുടെ പ്രബോധനാധികാരത്തോടും സഭാകൂട്ടായ്മയോടും ചേർന്നു പോകുമ്പോഴാണ്. എളിമയോടും സുതാര്യതയോടുംകൂടെ ദൈവികാധികാരത്തിനു വിധേയപ്പെടുന്നതിൽ പരിശുദ്ധ കന്യകാമറിയമാണു മാതൃകയാകേണ്ടത്.

സഭാസംവിധാനത്തെയും കൂദാശകളെയും അവഗണിച്ചുകൊണ്ടു പരിശുദ്ധാത്മാവിൽനിന്നു നേരിട്ട് അഭിഷേകം ലഭിച്ചു എന്ന് അവകാശപ്പെടുന്ന വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും എണ്ണം കൂടിവരുന്ന സാഹചര്യത്തിലാണ് ഇത്തരമൊരു നിർദ്ദേശം ആവശ്യമായി വരുന്നതെന്നു വിശ്വാസ തിരുസംഘത്തിന്റെ തലവൻ കർദിനാൾ ഗെർഹാർഡ് ലുഡ്‌വിക് മ്യൂള്ളർ വ്യക്തമാക്കി. സഭയുടെ നന്മയ്ക്കും സുവിശേഷത്തിന്റെ പ്രചാരണത്തിനും സഹായക മാകുംവിധം സാക്ഷ്യജീവിതം നയിക്കാൻ ഇത്തര ത്തിലുള്ള ഒരു ക്രമം ആവശ്യമാണെന്നും കർദിനാൾ കൂട്ടിച്ചേർത്തു.

# വിശുദ്ധ മറിയം മഗ്ദലേന ഇനി അപ്പസ്തോലന്മാരുടെ അപ്പസ്തോല



വത്തിക്കാൻ സിറ്റി: വിശുദ്ധ മറിയം മഗ്ദലേനയുടെ ഓർമപ്പെരുനാൾ ഇനി കത്തോലിക്കാ സഭയുടെ ആരാധനക്രമ കലണ്ടറിന്റെ ഭാഗമായ തിരുനാളുകളിൽ പെടും. ഇതുസംബന്ധിച്ച ഉത്തരവ് ദൈവാരാധനയ്ക്കായുള്ള കോൺഗ്രിഗേഷൻ കഴിഞ്ഞ ദിവസം പുറത്തിറക്കി. ജൂലൈ 22 ആണ് തിരുനാൾ ദിനം.

വിശുദ്ധ തോമസ് അക്വിനാസ് വിശുദ്ധ മറിയം മഗ്ദലേനയെ വിശേഷിപ്പിച്ച അപ്പസ്തോലന്മാരുടെ അപ്പസ്തോല എന്ന പ്രയോഗമാണ് ഇതുസംബന്ധിച്ച ഉത്തരവിന്റെ ശീർഷകമായി സ്വീകരിച്ചത്. ഇതേ ശീർഷകത്തിൽ വിശുദ്ധ മഗ്ദലേനയെപ്പറ്റി ഒരു ലേഖനം ഒസർവത്തോരെ റൊമാനോയിൽ കോൺഗ്രിഗേഷന്റെ സെക്രട്ടറി ആർച്ച്ബിഷപ് ആർതർ റോഷ് പ്രസിദ്ധീകരിക്കുകയും ചെയ്തു.

യേശുക്രിസ്തുവിന്റെ ഉത്ഥാനവിവരം അപ്പസ്തോലന്മാരെ അറിയിച്ചത് മറിയം മഗ്ദലേനയാണ്. അതുകൊണ്ടാണു വിശുദ്ധ അക്വിനാസ് അവരെ അപ്പസ്തോലന്മാരുടെ അപ്പസ്തോല എന്നു വിളിച്ചത്. മറിയം ശൂന്യമായ കല്ലറയും പിന്നീടു തോട്ടത്തിൽ വച്ച് യേശുവിനെയും കണ്ടതു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പുതിയ ഉത്തരവോടെ വിശുദ്ധ മറിയം മഗ്ദലേനയുടെ തിരുനാളിന് അപ്പസ്തോലന്മാരുടെ തിരുനാളുകൾക്കു തുല്യമായ പ്രാധാന്യം കൈവന്നു. ഈ തീരുമാനം സ്ത്രീയുടെ മഹത്വം, നവസുവിശേഷവത്കരണം, ദൈവകരുണയുടെ രഹസ്യത്തിന്റെ മഹത്വം എന്നിവയെപ്പറ്റി ആഴമായി ധ്യാനിക്കാൻ അവസരം നല്കുന്നതായി ആർച്ച്ബിഷപ് റോഷ് പറഞ്ഞു. മറിയം മഗ്ദലേനയുടെ ഭൂതകാലത്തെ മനസിലാക്കിക്കൊണ്ട് യേശു അവരോടു കരുണയോടെ പെരുമാറിയെന്നും ഇന്നു ഫ്രാൻസിസ് മാർപാപ്പ പുലർത്തുന്ന കരുണ അതേപോലെ ആണെന്നും അദ്ദേഹം ലേഖനത്തിൽ വിശദീകരിച്ചു.

# ബോധവൽക്കരണം: സിഗരറ്റ് വിൽപ്പനയിൽ വൻ ഇടിവ്

മുംബൈ: രാജ്യത്ത് സിഗരറ്റ് വിൽപ്പന കുത്തനെ ഇടിയുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ 8.2 ശതമാനം ഇടിവാണ് ഉണ്ടായത്. മുൻവർഷം 9590 കോടി സിഗരറ്റുകൾ വിറ്റുപോയ സ്ഥാനത്ത് ഇത് 8810 കോടിയായി കുറഞ്ഞു. തുടർച്ചയായി നാലാം വർഷമാണ് സിഗരറ്റ് വിൽപ്പനയിൽ ഇടിവ് വരുന്നത്. 2013-14 വർഷത്തിൽ വിൽപ്പനയിൽ 4.9ശതമാനം കുറവുണ്ടായി. ഡാറ്റ റിസർച്ച് സ്ഥാപനമായ യൂറോമോണിറ്റർ പുറത്തുവിട്ട കണക്കുകൾ പ്രകാരമാണ് ഈ വിലയിരുത്തൽ. ആരോഗ്യപ്രശ്നങ്ങളും വിൽപ്പന കുറയ്ക്കുന്നതിനായി കൊണ്ടുവന്ന നിയന്ത്രണങ്ങളും വിൽപ്പനയെ ബാധിച്ചു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ബോധവൽക്കരണപരിപാടികളും പുകയില ഉപയോഗം കുറയ്ക്കാൻ സഹായിച്ചു

# താലിബാൻ ക്രൂരത വീണ്ടും; യുവാവിനെ ജീവനോടെ തൊലിയുരിഞ്ഞു



കാബൂൾ: അഫ്ഗാൻ താലിബാൻ തീവ്രവാദികളുടെ ക്രൂരത വീണ്ടും. ഫസൽ അഹമ്മദ് എന്ന 21കാരെ താലിബാൻ തീവ്രവാദികൾ ജീവനോടെ തൊലിയുരിഞ്ഞ് കൊലപ്പെടുത്തി. അഫ്ഗാനിലെ ഘോർ പ്രവിശ്യയിലാണ് ദാരുണ സംഭവം അരങ്ങേറിയത്.

കൊല്ലപ്പെട്ട ഫസൽ അഹമ്മദിന്റെ അകന്ന ബന്ധു ഡിസംബറിൽ മുൻ താലിബാൻ കമാൻഡറെ വധിച്ചതിൽ പങ്കാളിയായിരുന്നു. ഇതിനുള്ള പ്രതികാരമായാണ് ഇയാളെ ജീവനോടെ തൊലിയുരിഞ്ഞതെന്നാണ് സൂചന. സംഭവ പ്രദേശത്തുനിന്നുള്ള പാർലമെന്റ് അംഗം റുഖിയ നഈൽ സ്ഥിരീകരിച്ചിട്ടുണ്ട്.

# പാത്രിയർക്കീസ് ബാവായ്ക്കു നേരെയുള്ള ആക്രമണം: ഐഎസ് ഉത്തരവാദിത്വമേറ്റു

ഡമാസ്കസ്: സിറിയൻ ഓർത്തഡോക്സ് സഭയുടെ തലവനായ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കിസ് ബാവയ്ക്കു നേരേ ഞായറാഴ്ച നടത്തിയ ചാവേർ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഐഎസ് ഏറ്റെടുത്തു. വടക്കുകിഴക്കൻ സിറിയയിലെ ഖാമിഷ്ലിയിലെ സെന്റ് ഗബ്രിയേൽ പള്ളിയിൽ 1915ലെ സെയ്ഫോ കൂട്ടക്കൊലയിൽ മരിച്ചവരെ അനുസ്മരിക്കുന്നതിനുള്ള ചടങ്ങിൽ ബാവ പങ്കെടുക്കുമ്പോഴാണ് ആക്രമണം നടന്നത്. ഓട്ടോമൻ തുർക്കികളുടെ ഭരണകാലത്തു അർമീനിയൻ ക്രൈസ്തവരെ വംശീയമായി ഉന്മൂലനം ചെയ്യുന്നതിനു നടത്തിയ കൂട്ടക്കൊലയുടെ ഭാഗമാണു സെയ്ഫോ കൂട്ടക്കൊല. രണ്ടരലക്ഷം പേരെങ്കിലും പ്രസ്തുത കൂട്ടക്കൊലയിൽ മരിച്ചെന്നാണു കരുതുന്നത്.

സെന്റ് ഗബ്രിയേൽ പള്ളിയിലെ ചടങ്ങിനു നിരവധി ക്രൈസ്തവർ എത്തിയിരുന്നു. ബാവയെ ലക്ഷ്യമിട്ട് എത്തിയ ചാവേർ ഭടൻ പള്ളിക്കുള്ളിൽ കടക്കുന്നതിനുമുമ്പേ അർമീനിയൻ ക്രൈസ്തവരുടെ സുരക്ഷാസംഘമായ സുട്ടോറോയിലെ ഭടന്മാർ അക്രമിക്കുനേരെ വെടിയുതിർത്തു. സ്ഫോടനത്തിൽ ചാവേർ ഭടനും മൂന്നു സുരക്ഷാഭടന്മാരും കൊല്ലപ്പെട്ടെന്നു പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ബാവയ്ക്കു നേരെയുണ്ടായ ആക്രമണത്തെ ലോകനേതാക്കൾ അപലപിച്ചു.ആറു മാസത്തിനുള്ളിൽ ഖാമിഷ്ലിയിൽ ക്രൈസ്തവർക്കു നേരെയുണ്ടാവുന്ന നാലാമത്തെ ആക്രമണമായിരുന്നു ഇത്.

# ഐഎസ് ആക്രമണം: ഫ്രഞ്ച് പോലീസ് ഓഫീസറും ഭാര്യയും കുത്തേറ്റു മരിച്ചു

പാരീസ്: പാരീസ് പ്രാന്തത്തിലെ ലെസ് മുറേ പോലീസ് സ്റ്റേഷനിലെ ഡെപ്യൂട്ടി പോലീസ് മേധാവി ഷാൻ ബാപ്റ്റിസ്റ്റെ സൽവെയിംഗിനെ (42) കഴിഞ്ഞ ദിവസം ഭീകരൻ കുത്തി കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ ഭാര്യയെയും മൂന്നു വയസുള്ള മകനെയും അക്രമി ബന്ദിയാക്കി. ഭാര്യയെ പിന്നീടു കുത്തേറ്റുമരിച്ച നിലയിൽ കണ്ടെത്തി. മകനെ പോലീസ് രക്ഷപ്പെടുത്തി. അക്രമി പോലീസിന്റെ വെടിയേറ്റു മരിച്ചു.

ആക്രമണത്തിന്റെ ഉത്തരവാദിത്വം ഐഎസ് ഏറ്റെടുത്തു. നവംബറിൽ പാരീസിൽ നടത്തിയ ഭീകരാക്രമണത്തിൽ 130 പേർക്കു ജീവഹാനി നേരിട്ടതിനെത്തുടർന്നു പ്രഖ്യാപിച്ച അടിയന്തരാവസ്ഥ നിലനിൽക്കേയാണ് ഐഎസ് വീണ്ടും ആഞ്ഞടിച്ചത്. വെള്ളിയാഴ്ച യൂറോ സോക്കർ ടൂർണമെന്റ് തുടങ്ങുന്നതു പ്രമാണിച്ചു സുരക്ഷ ശക്തമാക്കിയിരിക്കേ നടന്ന ഭീകരാക്രമണം ഫ്രഞ്ച് സർക്കാരിനെ ഞെട്ടിച്ചു. പ്രസിഡന്റ്



ഒളാന്ദ് അടിയന്തര കാബിനറ്റ് യോഗം വിളിച്ചു.

42കാരനായ പോലീസ് ഓഫീസർ സൽവെയിംഗിനെ അദ്ദേഹത്തിന്റെ വീടിനു സമീപത്തുവച്ചാണ് ഭീകരൻ ലറോസി അബെല്ലാ(25) ആക്രമിച്ചത്. ഓഫീസർക്ക് നിരവധി കുത്തുകളേറ്റു. തുടർന്ന് പോലീസ് ഓഫീസറുടെ വീട്ടിലേക്ക് ഓടിക്കയറിയ അക്രമിയെ അനുനയിപ്പിക്കാൻ പോലീസ് നടത്തിയ ശ്രമം വിജയിച്ചില്ല. ഒടുവിൽ പോലീസ് കമാൻഡോകൾ വീടിനുള്ളിലേക്ക് ഇരച്ചുകയറുകയും ഭീകരനെ വെടിവച്ചു വീഴ്ത്തുകയുമായിരുന്നു. ഇതിനകം സൽവെയ്ംഗിന്റെ ഭാര്യയെയും അക്രമി വകവരുത്തി. സൽവെയ്ംഗിന്റെ മൂന്നുവയസുകാരൻ പുത്രനെ രക്ഷിച്ചെന്നും കുട്ടിയ്ക്കു പരിക്കേറ്റിട്ടില്ലെന്നും പ്രോസിക്യൂട്ടർ അറിയിച്ചു.

# ഐഎസ് കഴിഞ്ഞവർഷം സമ്പാദിച്ചതു 100 കോടി ഡോളർ

വാഷിംഗ്ടൺ: ഐഎസ് കഴിഞ്ഞവർഷം 100കോടി ഡോളർ സമ്പാദിച്ചെന്നു റിപ്പോർട്ട്.ഇതിൽ പകുതിയും അനധികൃത എണ്ണവില്പനയിലൂടെയായിരുന്നു. നികുതി, മോചനദ്രവ്യം, സംഭാവന, ബാങ്കുകൊള്ള തുടങ്ങിയവയാണ് ഐഎസിന്റെ മറ്റു വരുമാന സ്രോതസുകളെന്ന് യുഎസ് ട്രഷറി അസിസ്റ്റന്റ് സെക്രട്ടറി ഡാനിയൽ ഗ്ലേസർ പറഞ്ഞു.

# കെസിബിസിയുടെ വിലയിരുത്തലും മുന്നറിയിപ്പും

കേരള കത്തോലിക്കാസഭയിൽ ആത്മീയ നവീകരണരംഗത്ത് കഴിഞ്ഞ 25 വർഷ മായി പ്രവർത്തിച്ചു പോരുന്ന ഒരു പ്രസ്ഥാനമാണ് സ്പിരിറ്റ് ഇൻ ജീസസ്. ഈ പ്രസ്ഥാനം ശ്രീ ടോം സഖറിയാ യുടെ നേതൃത്വത്തിൽ ഇടുക്കി ജില്ല യിലെ സൂര്യനെല്ലിയിൽ ആരംഭിച്ച് ക്രമേണ മറ്റു രൂപതകളിലേക്കും സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. കത്തോലിക്കർക്കു പുറമേ ഇതരസഭാംഗ ങ്ങളും ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടു ണ്ട്. ഇപ്പോൾ ഒരു സഭയുടെയും പ്രത്യേ ക നിയന്ത്രണത്തിന് വിധേയമാകാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതും അല്മായർ നേതൃത്വം കൊടുക്കുന്നതുമാ ണ് ഈ പ്രസ്ഥാനം. ഇവർ പരിശുദ്ധ കുർബാനയോടും ദൈവമാതാവിനോടു മുള്ള ഭക്തി പരിപോഷിപ്പിക്കുന്നുണ്ടെ ങ്കിലും കത്തോലിക്കാസഭയുടെ അടി സ്ഥാനപരമായ വിശ്വാസവിഷയങ്ങളിൽ വി. ഗ്രന്ഥത്തിനും, സഭാപ്രബോധനങ്ങ ൾക്കും പാരമ്പര്യങ്ങൾക്കും നിരക്കാത്ത ചില പ്രബോധനങ്ങൾ വച്ചുപുലർത്തു ന്നുണ്ട്. പ്രസംഗങ്ങളിലൂടെയും പ്രസ്ഥാ നത്തിന്റെ ജിഹ്വയായ 'ഇതാ നിന്റെ അമ്മ' എന്ന മാസികയിലൂടെയും അവ രുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയാണ്. സ്വകാര്യവെളിപാടുകൾക്കാണ് സഭയുടെ ഔദ്യോഗികപ്രബോധനങ്ങളെക്കാൾ കൂടുതൽ പ്രധാന്യം നല്കുന്നത്.

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാ നക്കാർ അബദ്ധജടിലമായ ചില ഉപദേ ശങ്ങൾവഴി വിശ്വാസികളെ വഴിതെറ്റിക്കു ന്നത് കേരളമെത്രാൻ സമിതി അതീവഗൗ രവത്തോടെയാണ് വീക്ഷിക്കുന്നത്. പലരും വിശ്വാസവൈപരീത്യങ്ങളിൽ ചെന്നു പതിക്കാനിടയുള്ളതുകൊണ്ട് വിശ്വാസികൾക്ക് മുന്നറിയിപ്പു നല്കേ ണ്ടത് ഇടയന്മാർ എന്ന നിലയിൽ ഞങ്ങ ളുടെ കടമയാണ്. മരണാനന്തരജീവിതം, ഇതര മതങ്ങളോടും സാംസ്കാരികാനു രൂപണങ്ങളോടുമുള്ള സമീപനം, വേദപു സ്തക വ്യാഖ്യാനം എന്നിവ സംബന്ധി ച്ചാണ് കൂടുതൽ അബദ്ധോപദേശങ്ങളും. അതിനാൽ ഇത്തരം വിഷയങ്ങളിൽ സഭയുടെ നിലപാടു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

## 1. തനതുവിധി

തനതുവിധിയില്ല, പൊതുവിധി മാത്രമേയുള്ളൂവെന്നാണ് സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നത്. അതിനാൽ നര കത്തിൽ പോയവർക്കും നിത്യവിധിയുടെ സന്ദർഭം വരെ മാനസാന്തരത്തിന് സമയ മുണ്ടെന്ന് അവർ പ്രബോധിപ്പിക്കുന്നു. എന്നാൽ കത്തോലിക്കാസഭയുടെ പ്രബോധനം ഇതാണ്: 'ക്രിസ്തുവിൽ വെളിവാക്കപ്പെട്ട കൃപാവരത്തെ സ്വീകരി ക്കുന്നതിനോ തിരസ്കരിക്കുന്നതിനോ സാദ്ധ്യമായ സമയം എന്ന നിലയിലുള്ള മനുഷ്യജീവിതത്തിന് മരണം അന്ത്യം കുറിക്കുന്നു' (CCC 1021).

*ഒരാൾ മരിച്ചാൽ ഉടൻതന്നെ സ്വർഗ്ഗത്തിനോ, നരകത്തിനോ, ശുദ്ധീക രണ സ്ഥലത്തിനോ അർഹനായിത്തീരു മെന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കു ന്നത്. 'ഓരോ മനുഷ്യനും തന്റെ മരണ ത്തിന്റെ നിമിഷത്തിൽതന്നെ സ്വജീ വിതത്തെ ക്രിസ്തുവിനോടു ബന്ധപ്പെ ടുത്തി തന്റെ അമർത്യമായ ആത്മാവിൽ ശാശ്വത പ്രതിഫലം സ്വീകരിക്കുന്നു: ഒരു ശുദ്ധീകരണപ്രക്രിയയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേ ശനം, അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വ തവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം'* (CCC 1022).

## 2. നരകം നിത്യമല്ല?

പൊതുവിധിവരെ നരകം നിത്യ മല്ല; മാനസാന്തരത്തിനും ദൈവകൃപയി ലേക്ക് തിരികെ വരുന്നതിനും അവസര മുണ്ട് എന്നിങ്ങനെ സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നുണ്ട്.

*കത്തോലിക്കാസഭയുടെ പ്രബോധനം വളരെ വ്യക്തമാണ്: 'മന സ്തപിച്ച് ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം സ്വീകരിക്കാതെ മാരകപാപ ത്തിൽ മരിക്കുക എന്നതിന്റെ അർത്ഥം, നമ്മുടെ സ്വതന്ത്രമായ തീരുമാനപ്രകാരം എന്നേക്കുമായി ദൈവത്തിൽനിന്ന് വേർപെട്ടുനില്ക്കുക എന്നതാണ്. ദൈവ ത്തോടും വാഴ്ത്തപ്പെട്ടവരോടും ഉള്ള സംസർഗത്തിൽ നിന്ന് സുനിശ്ചിതമായി നമ്മെ വേർപെടുത്തി നിറുത്തുന്ന അവ സ്ഥയെ 'നരകം' എന്നു വിളിക്കുന്നു'* (CCC 1033).

നരകത്തെ പല സംജ്ഞകൾ കൊണ്ടാണ് വി. ഗ്രന്ഥം വിവക്ഷിക്കുക. 'നിത്യാഗ്നി' (മത്താ 25:41), 'നിത്യശിക്ഷ' (മത്താ 25:46), 'ലജ്ജയും നിത്യനിന്ദയും' (ദാനി 12:2), 'അഗ്നിജ്ജ്വാലയും യാത നയും' (ലൂക്കാ 16:23-24), 'നിത്യനാശം' (2 തെസ്സ 1:9), 'ഒരിക്കലും അവസാനി ക്കാത്ത പീഡനം' (വെളി 14:11), 'എരിഞ്ഞു കൊണ്ടിരിക്കുന്ന ഗന്ധകത്തടാകം' (വെളി 20:10) എന്നിവയെല്ലാം നിത്യനര കത്തിന്റെ പ്രതീകങ്ങളാണ്. ബുദ്ധിഹീന കളായ കന്യകകൾക്കും (മത്താ 25:11-13) നിരുത്തരവാദിത്വപരമായി പെരുമാറിയ ഭൃത്യനും (മത്താ 24:51) വിവാഹവസ്ത്രം ധരിക്കാതെ വിരുന്നുശാലയിൽ പ്രവേശി ച്ചവനും (മത്താ 22:13) വേറൊരവസരം കിട്ടിയില്ല എന്നോർക്കേണ്ടതുണ്ട്.

*ലാസറിന്റെയും ധനവാന്റെയും ഉപമയിൽ, ധനവാന്റെ യാചനയ്ക്ക് അബ്രഹാം നല്കുന്ന ഉത്തരവും പ്രസ ക്തമാണ്: 'ഞങ്ങൾക്കും നിങ്ങൾക്കുമിട യിൽ ഒരഗാധമായ ഗർത്തവും സ്ഥാപിക്ക പ്പെട്ടിരിക്കുന്നു. ഇവിടെ നിന്നു നിങ്ങളുടെ അടുത്തേക്കോ അവിടെ നിന്നു ഞങ്ങ ളുടെ അടുത്തേക്കോ വരാൻ ആഗ്രഹിക്കു ന്നവർക്ക് അതു സാധിക്കുകയില്ല (ലൂക്ക 16:26).*

## 3. നരകവും പാതാളവും തമ്മിലുള്ള അന്തരം

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാ നക്കാർ നരകത്തെയും പാതാളത്തെയും സമമായി കാണുന്നതുകൊണ്ടാണ് 'യേശു മരിച്ച് പാതാളത്തിലിറങ്ങി' എന്ന പ്രയോഗത്തെ അടിസ്ഥാനമാക്കി യേശു നരകം സന്ദർശിച്ചു എന്നു വാദിക്കുന്നത്. ആദ്യ നൂറ്റാണ്ടുകളിൽ ചെറുതും വലുതു മായ പല വിശ്വാസപ്രമാണങ്ങളും രൂപ പ്പെട്ടു. 'അപ്പസ്തോലന്മാരുടെ വിശ്വാസ പ്രമാണം, അല്ലെങ്കിൽ 'ജ്ഞാനസ്നാന വിശ്വാസപ്രമാണം' (Baptismal Creed) എന്നറിയപ്പെടുന്ന വിശ്വാസപ്രമാണത്തി ലാണ് ഈ പ്രയോഗം കാണുന്നത്. എന്നാൽ, നിഖ്യാവിശ്വാസപ്രമാണത്തിൽ ഈ പ്രയോഗം കാണുന്നില്ലായെന്നു ള്ളതും സ്മർത്തവ്യമാണ്.

ഹീബ്രുഭാഷയിൽ 'ഷെയോൾ' എും ഗ്രീക്ക് ഭാഷയിൽ 'ഹാദെസ്' എു മുള്ള സംജ്ഞകളാണ് പാതാളത്തെ വിവ ക്ഷിക്കുവാൻ ഉപയോഗിക്കുത്. ഭൂമിക്കടി യിലുള്ള അന്ധകാരാവൃതവും ശൂന്യവു മായ ഒരു സ്ഥലമായി പാതാളത്തെ ഇസ്രായേൽ ചരിത്രത്തിന്റെ പ്രാരംഭദശ യിൽ കരുതിയിരുന്നു (ജോബ് 10:21-22). എന്നാൽ, പില്ക്കാലത്ത് ഗ്രീക്കുചിന്താധാ രകളുമായുള്ള പാരസ്പര്യം വഴി, നന്മ ചെയ്തവർക്കും തിന്മ പ്രവർത്തിച്ച വർക്കും ഒരേ ഫലമാണ് ലഭിക്കുന്നതെ ങ്കിൽ, അതു ദൈവനീതിക്ക് നിരക്കാത്ത താണെന്ന നവീനചിന്ത ഉദ്ഭവിച്ചു. ബി.സി രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെ' ദാനിയേ ലിന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: 'ഭൂമിയിലെ പൊടിയിൽ ഉറ ങ്ങു അനേകർ ഉണരും; ചിലർ നിത്യജീ വനായും; ചിലർ ലജ്ജയ്ക്കും നിത്യനിന്ദ യ്ക്കുമായും. ജ്ഞാനികൾ ആകാശവിതാ നത്തിന്റെ പ്രഭ പോലെ തിളങ്ങും. അനേ കരെ നീതിയിലേക്കു നയിക്കുവർ നക്ഷ ത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാ ശിക്കും' (ദാനി 12:2-3).

*(തുടരും)*




Dr. P.M. Chacko Palakunnel
Mobile: 9746085144



# മാനസിക സംഘർഷങ്ങൾ രോഗങ്ങളായി മാറുമ്പോൾ

ഇരുപതുകാരിയായ ജീനയ്ക്ക് നിരന്തരം വയറിനുവേദനയും മുട്ടിനുവേദനയുമാണ്. കേരളത്തിലെ പ്രശസ്തമായ ആശുപത്രികളിൽ പോയി ധാരാളം പരിശോധനകൾ നടത്തിയിട്ടും പ്രശ്നത്തിന്റെ ഉറവിടം കണ്ടെത്താനായില്ല. അന്ധമായി ചിലമരുന്നുകൾ കൊടുത്ത് ഡോക്ടർമാർ അവളെ പറഞ്ഞയയ്ക്കുകയാണ് ചെയ്തിരുന്നത്. ഈയിടെയായി അവളുടെ തൊലിയിൽ അവിടവിടെയായി ചൊറിച്ചിൽ അനുഭവപ്പെടാൻ തുടങ്ങി. ത്വക്‌രോഗവിദഗ്ദ്ധർക്കും കൃത്യമായ ഒരു രോഗനിർണ്ണയം ചെയ്യാൻ കഴിഞ്ഞില്ല. അവൾ ആശുപത്രിയിൽ വന്ന് പത്ത്ദിവസം കിടക്കുമ്പോൾ അവളുടെ രോഗം പൂർണ്ണമായും ഭേദമാകും. പലതവണ വ്യത്യസ്ഥമായ മരുന്നുകൾ ഉപയോഗിച്ചിട്ടും പൂർണ്ണസുഖം ലഭിക്കുന്നത് കണ്ടപ്പോഴാണ് എനിക്ക് സംശയം തോന്നിയത്. അപ്പോൾ വെറും വിറ്റാമിൻ ഗുളികൾ മാത്രം ഉപയോഗിച്ചുനോക്കി. അവയ്ക്കും നല്ല പ്രതികരണമാണ് കണ്ടത്. അങ്ങനെയെങ്കിൽ മനഃശ്ശാസ്ത്രപരമായ കാരണങ്ങൾ ഉണ്ട് എന്ന് എനിക്ക് ഏതാണ്ട് ഉറപ്പായി . അവളുടെ പിതാവിനെ എനിക്ക് നല്ല പരിചയമുള്ളതുകൊണ്ട് അവൾ ഞാൻ പലതവണ ചോദിച്ചിട്ടും എന്തെങ്കിലും വിഷമം ഉള്ളതായി വെളിപ്പെടുത്തിയില്ല. തന്മൂലം ഞാൻ നേഴ്സുമാരെ അയച്ച് അവളുമായി കൂടുതൽ സൗഹൃദം സ്ഥാപിക്കാൻ ഏർപ്പാടാക്കി. ക്രമേണ അവരോട് അടുപ്പമായപ്പോൾ അവൾ തനിക്ക് വലിയ ഒരു മനഃപ്രയാസമുണ്ടെന്നും അത് ഡോക്ടറോടു പറയാൻ തയ്യാറാണെന്നും അറിയിച്ചു. അവൾ ബിരുദധാരിണിയാണ്. അവൾക്ക് കീഴിൽ രണ്ടു സഹോദരിമാരുംകൂടിയുണ്ട്. ജീനയ്ക്ക് പല വിവാഹാലോചനകളും വരുന്നുണ്ട്. പക്ഷേ എല്ലാ ആലോചനകളും എന്തെങ്കിലും കാരണം പറഞ്ഞ് അവൾ വേണ്ടെന്നുവയ്ക്കും. ഒരിക്കൽ വിദേശത്തുജോലിയുള്ള നല്ല സാമ്പത്തികശേഷിയുള്ള സുമുഖനായ ഒരു ചെറുപ്പക്കാരന്റെ ആലോചന വന്നപ്പോൾ വിദേശത്ത് പോകുവാൻ താല്പര്യമില്ലെന്നുപറഞ്ഞ് അത് അലസിപ്പിച്ചു. അപ്പൻ അവളെ ശകാരിക്കുകയും അടിക്കുകയും ചെയ്തു. അവൾ വഴങ്ങിയില്ല. അധികം താമസിയാതെയാണ് സന്ധിരോഗം ആരംഭിച്ചത്. രോഗംകൂടി ആശുപത്രിയിലാകുമ്പോൾ അപ്പൻ വിവാഹാലോചനയെപ്പറ്റി ഒന്നും പറയുകയില്ല എന്നുമാത്രമല്ല സഹതാപത്തോടെ അവളെ പരിചരിക്കുകയും കഴിയുന്നത്ര അടുത്ത് ഇരിക്കുകയും ചെയ്യും. പത്ത് ദിവസം കഴിഞ്ഞ് വീട്ടിലെത്തിയാൽ കുറെദിവസത്തേയ്ക്ക് കുഴപ്പമൊന്നുമില്ല. വീണ്ടും വിവാഹാലോചന ആരംഭിക്കുമ്പോൾ കുഴപ്പങ്ങൾ തുടങ്ങും. അവൾക്ക് ഒരു ചെറുപ്പക്കാരനെ വളരെ ഇഷ്ടമാണ്. പക്ഷെ അപ്പനോട് അത് പറയാൻപോലും ഭയമാണ്. അപ്പൻ വലിയ ദേഷ്യക്കാരനും ദേഷ്യം കൂടിയാൽ എന്തും ചെയ്യാൻ മടിക്കാത്തയാളുമാണ്. അവൾ സ്നേഹിക്കുന്നത് അപ്പന്റെ ജന്മശത്രുവിന്റെ മകനാണ്. തലമുറകളായിട്ട് ഈ രണ്ടുകുടുംബങ്ങൾ തമ്മിൽ വഴക്കാണ്. യുവാവിന്റെ അപ്പൻ ജീനയുടെ അപ്പനെ ഗുണ്ടകളെവിട്ട് ഒരിക്കൽ തല്ലിച്ചതാണ്. ഈ വിവരം അപ്പനറിഞ്ഞാലുണ്ടാകുന്ന പ്രത്യാഘാതം ഓർക്കുമ്പോൾ പറയാൻ കഴിയുന്നില്ല. യുവാവിനോടുള്ള ബന്ധം ഉപേക്ഷിക്കാൻ മനസ്സ് അനുവദിക്കുന്നുമില്ല. സംഘർഷം രൂക്ഷമാകുമ്പോൾ രോഗം പ്രത്യക്ഷപ്പെടും. ആശുപത്രിയിൽ കുറെദിവസം കഴിയുമ്പോൾ വിവാഹപ്രശ്നം ഉയർന്നുവരാതിരിക്കുകയും തന്മൂലം രോഗം ഭേദമാകുകയും ചെയ്യും. ഈ വൃത്തം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യും. പ്രശ്നങ്ങളുടെ കാരണങ്ങൾ എന്നോട് തുറന്നുപറഞ്ഞപ്പോൾ അവൾ ദീർഘമായി നെടുവീർപ്പിട്ടു.

മനസിൽ ഒളിപ്പിച്ചുവച്ചിരുന്ന ഒരു അഗ്നിപർവ്വതം പൊട്ടിപ്പോയതുപോലെ തോന്നി എന്നവൾ പറഞ്ഞു. അവളുടെ പിതാവിനെയും സ്നേഹിക്കുന്ന ചെറുപ്പക്കാരനെയും വിളിച്ചുവരുത്തി കാര്യങ്ങൾ സംസാരിച്ചു. ആരംഭത്തിൽ അല്പം പൊട്ടിത്തെറികളൊക്കെയുണ്ടായെങ്കിലും പിതാവ് വഴങ്ങുകയും വിവാഹം നടപ്പിലാക്കുകയും ചെയ്തു. പൂർവ്വവിരോധമെന്ന കാര്യമൊഴിച്ചാൽ യുവാവും യുവതിയും തമ്മിൽ വിവാഹിതരാകുന്നതിന് യാതൊരു പൊരുത്തക്കേടും ഉന്നയിക്കാൻ ആർക്കും ഉണ്ടായിരുന്നില്ല എന്ന കാരണത്താൽ കേട്ടവരെല്ലാം വിവാഹത്തെ അനുകൂലിച്ചു.

മനസിലെ സംഘർഷങ്ങളുടെ ഫലമായി ശരീരത്തിലുണ്ടാകുന്ന രോഗങ്ങളെ സൈക്കോ സൊമാറ്റിക് രോഗങ്ങൾ എന്നാണ് വിളിക്കുക. ഉള്ളിലെ സംഘർഷങ്ങൾ പരിഹരിക്കപ്പെടാതെയും പങ്കുവയ്ക്കപ്പെടാതെയും അവശേഷിക്കുമ്പോൾ ശാരീരികവും മാനസികവുമായ പരിണിതഫലങ്ങൾ പ്രകടമാകും. ഉള്ളിലുള്ളവയെ പരിഹരിച്ചുകളഞ്ഞ് ശുദ്ധമാക്കിയാൽ മാത്രമേ സൗഖ്യം ലഭിക്കുകയുള്ളൂ. മരുന്നുകൾ പലപ്പോഴും ഫലം കണ്ടെത്താത്തതിന്റെ കാരണം ഉള്ളിലെ സംഘർഷങ്ങൾ ദുരീകരിക്കാത്തതാണ്. സൈക്കോതെറാപ്പിയിലൂടെയും കൗൺസിലിംഗിലൂടെയും അർത്ഥവത്തായ ഫലങ്ങൾ കണ്ടെത്താനാകുമെന്ന് എന്റെ അനുഭവങ്ങൾ എന്നെ പഠിപ്പിച്ചിട്ടുണ്ട്.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

65

## സഭൈക്യം

**8. സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കാൻ വേണ്ട പരിശീലനം**-തങ്ങളുടെ സ്വതന്ത്രമായ തീരുമാനങ്ങൾക്കൊത്ത് ജീവിച്ചുപോകാൻ അസാധ്യമായിത്തീർന്നാലെന്നവണ്ണം, അത്രയധികം സമ്മർദ്ദങ്ങളുടെയും അപകടങ്ങളുടെയും മദ്ധ്യത്തിലേയ്ക്കു മനുഷ്യർ ഇന്നു വലിച്ചിഴയ്ക്കപ്പെടുകയാണ്. ഇതിനുനേരെ മറുവശത്തു മറ്റൊരുകൂട്ടരെ നമുക്കു കാണാം. അവരെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യമെന്നാൽ പൂർണ്ണമായ അധികാരനിഷേധമാണ്. അനുസരിക്കാനുള്ള കടമ അവർ നിസ്സാരമാക്കിക്കളയുന്നു.

അതുകൊണ്ട് ഈ വത്തിക്കാൻ സൂനഹദോസ് ഏവരേയും പ്രധാനമായി വിദ്യാഭ്യാസപ്രവർത്തകരെ ഉദ്ബോധിപ്പിക്കുന്നതിതാണ്: ധാർമ്മികക്രമത്തെ ആദരിച്ചുകൊണ്ടു ന്യായമായ അധികാരത്തിനു വഴങ്ങുന്നവരും യഥാർത്ഥ സ്വാതന്ത്ര്യത്തെ മാനിക്കുന്നവരുമായ ആളുകളെ രൂപവത്കരിക്കുക.

മറ്റുവാക്കുകളിൽ പറഞ്ഞാൽ സ്വന്തമായ വിധിതീർപ്പുകൾക്കൊത്ത് തീരുമാനങ്ങളെടുക്കാനുള്ള പ്രാപ്തിയും സത്യത്തിന്റെ വെളിച്ചത്തിൽ കർത്തവ്യബോധത്തോടുകൂടി സ്വന്തം പ്രവൃത്തികളെ നിയന്ത്രിച്ചുനടത്താനുള്ള കഴിവും സഹകരിച്ചു പ്രവർത്തിക്കേണ്ട സാഹചര്യങ്ങളിൽ മറ്റുള്ളവരോടു ചേർന്നു പ്രയത്നിക്കാനുള്ള സന്നദ്ധതയും, സത്യത്തിന്റെയും നീതിയുടെയും മാർഗ്ഗത്തിലൂടെ മാത്രമേ ചരിക്കുകയുള്ളൂ എന്ന നിഷ്ഠയും ഉള്ളവരെ വാർത്തെടുക്കുക എന്നതാണ് വിദ്യാഭ്യാസപ്രവർത്തകരുടെ കർത്തവ്യം.

ആകയാൽ ജനങ്ങൾ സാമൂഹ്യജീവിതത്തിൽ തങ്ങളുടെ കർത്തവ്യങ്ങൾ നിറവേറ്റുമ്പോൾ കൂടുതലായ ഉത്തരവാദിത്വത്തോടുകൂടി അതു നിർവ്വഹിക്കുക എന്നുള്ള ഒരുദ്ദേശ്യംകൂടി മതസ്വാതന്ത്ര്യത്തിനുണ്ട്.

### II മതസ്വാതന്ത്ര്യം വെളിപാടിന്റെ വെളിച്ചത്തിൽ

**9. മതസ്വാതന്ത്ര്യവും വെളിപാടും**-മനുഷ്യന്റെ മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെക്കുറിച്ച് ഈ വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം പ്രഖ്യാപിക്കുന്നതിന് ആധാരമായി നിലകൊള്ളുന്നത് അവന്റെ വ്യക്തി പ്രാഭവമാണ്. യുഗാന്തങ്ങളിലൂടെ മനുഷ്യൻ സമ്പാദിച്ച അനുഭവങ്ങൾ ഈ വ്യക്തിപ്രാഭവത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് കൂടുതൽ പൂർണ്ണമായി മനുഷ്യനു കാണിച്ചുകൊടുത്തിട്ടുണ്ട്. സ്വാതന്ത്ര്യത്തെ സംബന്ധിച്ച സിദ്ധാന്തങ്ങൾക്ക് മൂലമായിരിക്കുന്നതു ദൈവിക വെളിപാടാണ്. അതുകൊണ്ട് ക്രിസ്ത്യാനികളെല്ലാവരും അതിനെ വളരെ പൂജ്യമായി കരുതണം.

മതകാര്യങ്ങൾ ബാഹ്യസമ്മർദ്ദങ്ങളിൽ നിന്നു തികച്ചും സുരക്ഷിതമായിരിക്കണമെന്ന അവകാശം വെളിപാടിൽ സ്പഷ്ടമായി പ്രസ്താവിച്ചു കണ്ടില്ലെന്നുവരാം. എന്നിരുന്നാലും മനുഷ്യന്റെ വ്യക്തിപ്രഭാവം അതിന്റെ പൂർണ്ണവ്യാപ്തിയിൽ അതു വെളിവാക്കിയിട്ടുണ്ട്. ദൈവവചനത്തിൽ വിശ്വസിക്കുകയെന്ന കടമ നിറവേറ്റാനാവശ്യമായ മനുഷ്യസ്വാതന്ത്ര്യത്തെ ക്രിസ്തു എങ്ങിനെയാണ് ആദരിക്കുന്നതെന്നു വെളിപാടു നമുക്ക് വിശദീകരിച്ചുതരുന്നു. അതുപോലെ തന്നെ ദിവ്യഗുരുവിന്റെ ശിഷ്യൻമാർ എല്ലാ കാര്യങ്ങളിലും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യേണ്ട ചൈതന്യത്തെക്കുറിച്ചും അത് നമ്മെ ഉദ്ബുദ്ധരാക്കുന്നുണ്ട്. തൽഫലമായി മതസ്വാതന്ത്ര്യത്തെ സംബന്ധിച്ച ഈ പ്രഖ്യാപനത്തിലെ ഉദ്ബോധനങ്ങൾക്ക് ആധാരമായി നിലകൊള്ളുന്ന പൊതുതത്വങ്ങൾ അതു മനുഷ്യർക്ക് വിശദീകരിച്ചുകൊടുക്കുന്നു. പ്രത്യേകിച്ച് സമുദായത്തിലുള്ള മതസ്വാതന്ത്ര്യം ക്രിസ്തീയവിശ്വാസപ്രഖ്യാപനസ്വാതന്ത്ര്യത്തോടു പരിപൂർണ്ണമായും പൊരുത്തപ്പെടുന്നു.

**10. വിശ്വാസപ്രഖ്യാപനത്തിനുള്ള സ്വാതന്ത്ര്യം**-കത്തോലിക്കാസഭയുടെ പഠനങ്ങളിൽ സർവ്വപ്രധാനമായ ഒന്നാണ് മനുഷ്യൻ സ്വമനസ്സാലെ ദൈവത്തിൽ വിശ്വസിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നുള്ളത്; ഇതു ദൈവവചനത്തിൽ അടങ്ങിയിരിക്കുന്നതാണ്. സഭാപിതാക്കന്മാർ ദൃഢമായി പ്രസ്താവിച്ചിട്ടുള്ളതും ഇതുതന്നെ. അതുകൊണ്ട് ക്രിസ്തീയ വിശ്വാസം സമാശ്ലേഷിക്കാൻ ഒരുവനേയും അവന്റെ മനസ്സിനെതിരായി നിർബന്ധിച്ചുകൂടാ. കാരണം, സ്വഭാവത്താലെ തന്നെ സ്വതന്ത്രമനസ്സിൽനിന്നുൽഭൂതമാകുന്ന ഒന്നാണ് വിശ്വാസപ്രഖ്യാപനം. രക്ഷകനായ ക്രിസ്തു രക്ഷിക്കുകയും ദത്തുപുത്രസ്ഥാനത്തേയ്ക്കു വിളിക്കുകയും ചെയ്ത മനുഷ്യനു സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ അവലംബിക്കാൻ കഴിയണമെങ്കിൽ പിതാവ് അവനെ തന്നിലേയ്ക്ക് ആകർഷിക്കുകയും അവൻ ബോധപൂർവ്വകവും സ്വതന്ത്രവുമായ വിശ്വാസവിധേയത്വം പ്രദർശിപ്പിക്കുകയും വേണം. അതുകൊണ്ട് മതകാര്യങ്ങളിൽ മനുഷ്യന്റെ ഭാഗത്തുനിന്നുള്ള എല്ലാത്തരം സമ്മർദ്ദങ്ങളും ഒഴിവാക്കുകയെന്നതു വിശ്വാസത്തിന്റെ സ്വഭാവവുമായി യോജിച്ചുപോകുന്ന കാര്യമാണ്. തന്മൂലം മനുഷ്യരെ വിശ്വാസത്തിലേയ്ക്ക് വിഘ്നമെന്യേ ക്ഷണിക്കാനും അവർ അതിനെ സ്വതന്ത്രമനസ്സോടെ ആശ്ലേഷിക്കാനും അവരുടെ സകല ജീവിതവൃത്തികളിലും അതു ക്രിയാത്മകമായി ഏറ്റുപറയുവാനും കഴിയത്തക്ക പരിതസ്ഥിതികൾ സൃഷ്ടിക്കാൻ മതസ്വാതന്ത്ര്യത്തിന്റെ ഈ തത്വം കുറച്ചൊന്നുമല്ല സഹായിക്കുന്നത്.



(തുടരും)

LAITY VOICE




കഴിഞ്ഞ ലക്കം തുടർച്ച...

**ഒൻപതാം കല്പന എന്താണ് വിലക്കുന്നത്?**

ആറാം കല്പനയാൽ മുടക്കിയിരിക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട ചിന്തകളേയും ആഗ്രഹങ്ങളേയും പരിപോഷിപ്പിക്കുന്നതിനെ ഒൻപതാം കല്പന വിലക്കുന്നു.

**ഹൃദയനൈർമല്യത്തിലേയ്ക്ക് എങ്ങനെയാണ് ഒരുവൻ എത്തുന്നത്?**

ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തി ദൈവത്തിന്റെ കൃപയാലും താളംതെറ്റിയ ആഗ്രഹങ്ങൾക്കെതിരെയുള്ള സമരത്താലും ഹൃദയത്തിന്റെ നൈർമല്യത്തിൽ എത്തിച്ചേരുന്നു. ലൈംഗികവിശുദ്ധിയെന്ന പുണ്യവും ദാനവും ഉദ്ദേശശുദ്ധി, ബാഹ്യവും ആന്തരികവുമായ നോട്ടത്തിന്റെ സുതാര്യത, വികാരങ്ങളുടെയും ഭാവനയുടെയും ശിക്ഷണം, പ്രാർത്ഥന എന്നിവ ഹൃദയനൈർമല്യം കാത്തുസൂക്ഷിക്കുവാൻ ക്രൈസ്തവനെ സഹായിക്കും.

**മറ്റ് എന്താവശ്യങ്ങളാണ് പരിശുദ്ധിയ്ക്കുള്ളത്?**

പരിശുദ്ധി അടക്കം ആവശ്യപ്പെടുന്നുണ്ട്. അത് വ്യക്തിയുടെ രഹസ്യാത്മകതയെ സംരക്ഷിച്ചുകൊണ്ട് ലൈംഗിക വിശുദ്ധിയോടുള്ള സംവേദകത്വം പ്രകാശിപ്പിക്കുന്നു. വ്യക്തികളുടെ മഹത്വത്തിനും അവരുടെ സംസർഗ്ഗത്തിനും ചേർന്ന വിധം നോട്ടങ്ങളെയും ആംഗ്യങ്ങളെയും അത് നിയന്ത്രിക്കുന്നു. ലോകവ്യാപകമായ കാമചാപല്യപ്രകടനത്തിൽ നിന്നത് വ്യക്തിയെ സ്വതന്ത്രമാക്കുന്നു. രോഗാതുരമായ ജിജ്ഞാസയെ പ്രോത്സാഹിപ്പിക്കുന്ന എല്ലാറ്റിൽ നിന്നുമത് മനുഷ്യനെ അകറ്റി നിർത്തുന്നു. മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ ഒരു ആശയത്തിന്മേൽ അധിഷ്ഠിതമായ ധാർമ്മിക അരാജകത്വത്തിനെതിരെയുള്ള നിരന്തരമായ സമരത്തിലൂടെ സാമൂഹിക അന്തരീക്ഷം വിശുദ്ധീകരിക്കണമെന്നും പരിശുദ്ധി ആവശ്യപ്പെടുന്നുണ്ട്.

## പത്താം കല്പന:
## മറ്റുള്ളവരുടെ വസ്തുക്കൾ ആഗ്രഹിക്കരുത്

**പത്താം കല്പന ആവശ്യപ്പെടുന്നതും വിലക്കുന്നതും എന്താണ്?**

മുകളിൽ പറഞ്ഞതിനെ ഈ കല്പന പൂർത്തീകരിക്കുന്നു. മറ്റുള്ളവരുടെ വസ്തുക്കളുടെ നേരെ ആദരവിന്റെ ഒരാന്തരിക മനോഭാവം ഈ കല്പന ആവശ്യപ്പെടുന്നു. അത്യാഗ്രഹവും മറ്റുള്ളവരുടെ വസ്തുക്കളോടുള്ള നിയന്ത്രണമില്ലാത്ത ആതിമോഹവും മറ്റുള്ളവരുടെ വസ്തുക്കളുടെ മുമ്പിൽ ഉണ്ടാകുന്ന സങ്കടവും അവയെ സ്വന്തമാക്കുന്നതിനുള്ള അമിതമായ ആഗ്രഹവും ആകുന്ന അസൂയയും പത്താം കല്പന വിലക്കുന്നു.

**'ഹൃദയദാരിദ്ര്യം' കൊണ്ട് എന്താണ് യേശു ഉദ്ദേശിക്കുന്നത്?**

എല്ലാറ്റിലും എല്ലാവരിലും അധികമായി തനിക്കു മുൻഗണന നൽകണമെന്ന് യേശു തന്റെ ശിഷ്യരോട് പറഞ്ഞു. സുവിശേഷദാരിദ്ര്യത്തിന്റെ ചൈതന്യമനുസരിച്ച് സമ്പത്തുകളിൽ നിന്നുള്ള അകൽച്ചയും ദൈവപരിപാലനയ്ക്കുള്ള വിട്ടുകൊടുക്കലും നാളെയെക്കുറിച്ചുള്ള ഉത്കണ്ഠകളിൽ നിന്ന് നമ്മെ രക്ഷിക്കും. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു" (മത്താ.5:3) എന്ന സുവിശേഷഭാഗ്യത്തിന് അവ നമ്മെ തയ്യാറാക്കുകയും ചെയ്യും.

**എല്ലാറ്റിലും എല്ലാവരിലും അധികമായി തനിക്കു മുൻഗണന നൽകണമെന്ന് യേശു തന്റെ ശിഷ്യരോട് പറഞ്ഞു. സുവിശേഷദാരിദ്ര്യത്തിന്റെ ചൈതന്യമനുസരിച്ച് സമ്പത്തുകളിൽ നിന്നുള്ള അകൽച്ചയും ദൈവപരിപാലനയ്ക്കുള്ള വിട്ടുകൊടുക്കലും നാളെയെക്കുറിച്ചുള്ള ഉത്കണ്ഠകളിൽ നിന്ന് നമ്മെ രക്ഷിക്കും. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു" (മത്താ.5:3) എന്ന സുവിശേഷഭാഗ്യത്തിന് അവ നമ്മെ തയ്യാറാക്കുകയും ചെയ്യും.**

**മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹമെന്ത്?**

ദൈവത്തെ കാണുക എന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹം. "ഞാൻ ദൈവത്തെ കാണാൻ ആഗ്രഹിക്കുന്നു" . അത് അവന്റെ അസ്തിത്വത്തിന്റെ മുഴുവൻ നിലവിളിയാണ്. സ്നേഹത്തിനുവേണ്ടി മനുഷ്യനെ സൃഷ്ടിക്കുകയും തന്റെ അനന്തസ്നേഹത്താൽ അവനെ തന്നിലേയ്ക്ക് ആകർഷിക്കുകുയം ചെയ്യുന്ന ദൈവത്തെ കാണുന്നതിലും ആനന്ദിക്കുന്നതിലും ആണ് മനുഷ്യൻ അവ്ന്റെ യഥാർത്ഥവും സംപൂർണ്ണവുമായ ആനന്ദം സാക്ഷാത്കരിക്കുന്നത്.

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only